
07
2021
സെപ്റ്റംബർ
ചൊവ്വ
1197
ചിങ്ങം 22

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 146 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-146 പേജ് 4. വില 2.00 രൂപ

02 എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ

03 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ചെലവായ തുക സർക്കാർ നൽകും

04 നാലാം ടെസ്റ്റിൽ ഇന്ത്യക്ക് 157 റൺസ് ജയം

# നിപ: എല്ലാ ജില്ലകൾക്കും ജാഗ്രതാ നിർദേശം

തിരുവനന്തപുരം: സംസ്ഥാനത്ത് വീണ്ടും നിപ വൈറസ് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് നിപ മാനേജ്മെൻറ് പ്ലാൻ തയാറാക്കിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ് അറിയിച്ചു. സർക്കാർ, സ്വകാര്യ ആശുപത്രികൾ പ്രോട്ടോക്കോൾ കൃത്യമായി പാലിക്കണം. എല്ലാ ജില്ലകളും ജാഗ്രത പാലിക്കുകയും എൻസെഫലൈറ്റിസ് രോഗബാധിതരെ നിരീക്ഷിക്കുകയും വേണം. ഇതോടൊപ്പം പുതുക്കിയ ട്രീറ്റ്മെൻറ് ഗൈഡ്ലൈനും, ഡിസ്ചാർജ് ഗൈഡ്ലൈനും പുറത്തിറക്കിയതായി മന്ത്രി വ്യക്തമാക്കി.




സംസ്ഥാന, ജില്ല, ആശുപത്രിതലത്തിൽ ഏകോപിപ്പിച്ചുള്ളതാണ് നിപ മാനേജ്മെൻറിൻറെ ഘടന. മുഖ്യമന്ത്രി, ആരോഗ്യമന്ത്രി, ചീഫ് സെക്രട്ടറി, ആരോഗ്യ പ്രിൻസിപ്പൽ സെക്രട്ടറി, ഡിസാസ്റ്റർ മാനേജ്മെൻറ് അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ ഡയറക്ടർ, ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ എന്നിവർ ചേർന്നതാണ് സംസ്ഥാന സമിതി.

ജില്ലാ വികസന മാനേജ്മെൻറ് അഥോറിറ്റിയും പ്രത്യേക സബ്ജക്ട് കമ്മിറ്റികളും ചേർന്നതാണ് ജില്ലാതല സമിതി. ഇൻസ്റ്റിറ്റ്യൂഷൻ മെഡിക്കൽ ബോർഡും സ്റ്റാൻഡേർഡ് ചികിത്സാ മാനേജ്മെൻറ് പ്രോട്ടോക്കോളുമാണ് ആശുപത്രിതലത്തിലെ ഘടന.

നിരീക്ഷണം, പരിശോധന, രോഗീ പരിചരണം എന്നിവയാണ് പ്രധാനം. നിരീക്ഷണത്തിൻറെ ഭാഗമായി കോണ്ടാക്ട് ട്രേസിംഗും ക്വാറൻറൈനും നടത്തണം. നിപ പരിശോധന സുഗമമാക്കണം. ട്രീറ്റ്മെൻറ് പ്രോട്ടോക്കോൾ കൃത്യമായി പാലിക്കുകയും അത് നിരീക്ഷിക്കുകയും ചെയ്യും.

ആരോഗ്യ പ്രവർത്തകർ, ഫീൽഡ്തല പ്രവർത്തകർ, സർക്കാർ സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാർ എന്നിവർക്ക് വിദഗ്ധ പരിശീലനം ഉറപ്പാക്കും. മരുന്നുകളുടെയും അവശ്യ സാമഗ്രികളുടേയും ലഭ്യത ഉറപ്പാക്കും. പ്രതിരോധവും മുൻകരുതലുകളും സംബന്ധിച്ച് ശക്തമായ അവബോധം നൽകും.

കേന്ദ്രവും മറ്റിതര വകുപ്പുകളുമായുള്ള ബന്ധം, ഭരണപരമായ പ്രവർത്തനങ്ങൾ, കൺട്രോൾ റൂം എന്നിവയ്ക്കായി മാനേജ്മെൻറ് ഏകോപനവും ഉണ്ടായിരിക്കും.

# 11 പേർക്ക് നിപ രോഗലക്ഷണം; കോഴിക്കോട് താലൂക്കിൽ വാക്സിനേഷൻ നിർത്തിവച്ചു

കോഴിക്കോട്: നിപ വൈറസ് ബാധിച്ച് മരിച്ച പന്ത്രണ്ട് വയസുകാരൻറെ സമ്പർക്ക പട്ടികയിൽ 251 പേരാണ് ഉള്ളതെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. ഇവരിൽ 38 പേർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഐസൊലേഷനിലാണ്. 11 പേർക്ക് രോഗ ലക്ഷണങ്ങളുണ്ട്. ഇതിൽ എട്ടു പേരുടെ സാമ്പിളുകൾ എൻഐവി പൂനെയിലേക്ക് അയച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

നിരീക്ഷണത്തിലുള്ള 121 പേർ ആരോഗ്യ പ്രവർത്തകരാണ്. 54 പേർ ഹൈ റിസ്ക് വിഭാഗത്തിലുള്ളവരും. നിലവിൽ രോഗലക്ഷണങ്ങളുള്ളവരുടെ ആരോഗ്യനിലയിൽ ആശങ്കപ്പെടേണ്ടതായി ഒന്നുമില്ല. രോഗലക്ഷണങ്ങളുള്ളവർ എല്ലാം സ്റ്റേബിളാണ്. എട്ട് പേരുടെ പരിശോധന ഫലം ഇന്ന് തന്നെ കിട്ടും. ബാക്കിയുള്ള മൂന്ന് പേരുടെ സാമ്പിളുകൾ ഇന്ന് പരിശോധനയ്ക്കായി അയക്കുമെന്നും മന്ത്രി അറിയിച്ചു.

കോഴിക്കോട് താലൂക്കിൽ രണ്ട് ദിവസം കോവിഡ് വാക്സിനേഷൻ പ്രവർത്തനം നിർത്തിവെയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. കോവിഡ് ലക്ഷണമുള്ളവർക്ക് ആരോഗ്യപ്രവർത്തകർ നിർദേശിക്കുന്ന പരിശോധന നടത്താവുന്നതാണെന്നും ആരോഗ്യ മന്ത്രി അറിയിച്ചു. സംസ്ഥാന തലത്തിൽ നിപ കൺട്രോൾ സെൻറർ തുടങ്ങിയിട്ടുണ്ടെന്നും മന്ത്രി വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

നിപ്പ ബാധിച്ചു മരിച്ച കുട്ടിക്ക് ആടിൽ നിന്നാണ് വൈറസ് ബാധയേറ്റതെന്ന സംശയം മൃഗസംരക്ഷണവകുപ്പ് തള്ളിയിരുന്നു. ആടുകൾ നിപ വാഹകരായ ജീവികളുടെ പട്ടികയിലില്ലന്നു സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. ബേബി കുര്യാക്കോസ് വ്യക്തമാക്കി. അതേസമയം, കുട്ടി റംബൂട്ടാൻ കഴിച്ചിരുന്നതായി പറയുന്നുണ്ട്. ഇതിൻറെ അടിസ്ഥാനത്തിൽ പ്രദേശത്തെ വവ്വാലുകളുടെ സാമ്പിൾ മൃഗസംരക്ഷണ വകുപ്പ് ശേഖരിക്കും.



ഇതിനിടെ നിപ സ്ഥിരീകരിച്ച പ്രദേശത്ത് കാട്ടുപന്നികളുടെ സാന്നിധ്യമുണ്ടോയെന്നറിയാനും പരിശോധന തുടങ്ങി. കാട്ടു പന്നികൾ വഴിയും നിപ വൈറസ് സാന്നിധ്യം മനുഷ്യരിലെത്താമെന്നാണ് വിദഗ്ധർ പറയുന്നത്. നിപ്പ വൈറസ് സ്ഥിരീകരിച്ച എല്ലായിടത്തും അതിൻറെ ഉത്ഭവം കണ്ടെത്തിയിരുന്നു.

വൈറസ്ബാധ ആദ്യം സ്ഥിരീകരിച്ച മലേഷ്യ, ബംഗ്ലാദേശ് തുടങ്ങി സ്ഥലങ്ങളിലെല്ലാം പന്നികളിൽ നിന്നും വവ്വാലുകളിൽ നിന്നും മനുഷ്യരിലേക്കു പടർന്നുവെന്നാണ് കണ്ടെത്തിയത്.

## വ്യാജ വാക്സിനെതിരേ കേന്ദ്ര മുന്നറിയിപ്പ്

ന്യൂഡൽഹി: രാജ്യത്ത് കോവിഡ് മരുന്നുകളുടെ ആധികാരികത ഉറപ്പു വരുത്തുന്നതിനും തിരിച്ചറിയുന്നതിനുമുള്ള മാർഗനിർദേശങ്ങളുമായി കേന്ദ്ര സർക്കാർ. അന്താരാഷ്ട്ര തലത്തിൽ വ്യാജ വാക്സിനുകൾ ഇറങ്ങുന്ന സാഹചര്യത്തിലാണ് കേന്ദ്ര നടപടി.

കോവിഷീൽഡ്, കോവാക്സിൻ, സ് പുട്നിക്‌വി വാക്സിനുകളുടെ നിർമാതാക്കളിൽനിന്നുള്ള വിവരങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് കേന്ദ്രആരോഗ്യമന്ത്രാലയം സംസ്ഥാനങ്ങൾക്കു മാർഗനിർദേശം നൽകിയത്. വാക്സിനുകളുടെ ലേബൽ, നിറം തുടങ്ങിയ സൂക്ഷ്മ വിവരങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങളാണ് കേന്ദ്രം സംസ്ഥാനങ്ങൾക്കു കൈമാറിയിരിക്കുന്നത്. ഇന്ത്യയിൽ ഉത്പാദിപ്പിച്ച കോവിഷീൽഡ് വാക്സിൻറെ വ്യാജൻ തെക്കുകിഴക്കൻ ഏഷ്യയിലും ആഫ്രിക്കയിലും വ്യാപിക്കുന്നതായി റിപ്പോർട്ടുകളുണ്ടായിരുന്നു

# ക്ഷീര സഹകരണസംഘങ്ങൾക്കു നികുതി ചുമത്താനുള്ള കേന്ദ്രനീക്കത്തിനെതിരേ മിൽമ

തിരുവനന്തപുരം: 50 ലക്ഷം രൂപയിലധികം വാർഷിക വിറ്റുവരവുള്ള ക്ഷീര സഹകരണ സംഘങ്ങളിൽനിന്ന് ആദായനികുതി ഈടാക്കാനുള്ള കേന്ദ്ര സർക്കാർ നീക്കത്തിനെതിരെ കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (മിൽമ) രംഗത്ത്.

ക്ഷീര സഹകരണസംഘങ്ങളെ ആദായ നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നത് ക്ഷീരകർഷകരുടെ നിലനിൽപ്പിനെ ബാധിക്കുകയും സംഘങ്ങളെ നഷ്ടത്തിലാക്കുകയും ചെയ്യുമെന്നും ഇൻകം ടാക്സിൽനിന്നും സംഘത്തിന് ഇളവ് ലഭ്യമാക്കണമെന്നും മിൽമ ആവശ്യപ്പെട്ടു. സഹകരണ സംഘങ്ങൾ ഇൻകം ടാക്സ് ഒടുക്കണമെന്ന കേന്ദ്രസർക്കാരിൻറെ സർക്കുലറിൻറെ പരിധിയിൽനിന്ന് ക്ഷീര സഹകരണ സംഘങ്ങളെ ഒഴിവാക്കണമെന്ന ആവശ്യം ഉയർത്തി സംസ്ഥാനത്ത് മിൽമയുടെ നേതൃത്വത്തിൽ ശക്തമായ പ്രതിഷേധം സംഘടിപ്പിക്കുമെന്ന് ചെയർമാൻ കെ.എസ്. മണി പത്രസമ്മേളനത്തിൽ അറിയിച്ചു.

വിഷയത്തിൽ കേന്ദ്രത്തിൽ സമ്മർദം ചെലുത്തണമെന്ന് ആവശ്യപ്പെട്ട് കേരളത്തിൽ നിന്നുള്ള എല്ലാ എംപിമാർക്കും നിവേദനം നൽകുകയും ചെയ്യും.

ഇന്നു രാവിലെ 10ന് തിരുവനന്തപുരം പാളയം രക്തസാക്ഷി മണ്ഡപത്തിനരികെ നടക്കുന്ന ക്ഷീരകർഷക പ്രതിഷേധജ്വാല ക്ഷീരവികസന മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യും. പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ അധ്യക്ഷത വഹിക്കും. സംസ്ഥാനത്തെ എല്ലാ ക്ഷീര സഹകരണ സംഘങ്ങളിലും ഇതേ സമയത്തു തന്നെ പ്രതിഷേധജ്വാല തെളിച്ച് സമരത്തിൽ പങ്കുചേരും.

# പിഎസ്‌സി ഏഴു തസ്തികയിലേക്കു ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കും

തിരുവനന്തപുരം: ഏഴു തസ്തികകളിലേക്കു ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനു ഇന്നലെ ചേർന്ന പിഎസ്‌സി യോഗം തീരുമാനിച്ചു. കോളജ് വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റൻറ് പ്രഫസർ (ട്രാവൽ ആൻഡ് ടൂറിസം), വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ) ഒന്നാം എൻസിഎ, വിവിധ ജില്ലകളിൽ ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിൽ നഴ്സ് ഗ്രേഡ് 2 (ആയുർവേദം), വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ ബേക്കർ ആൻഡ് കൺഫക്ഷണറി (പട്ടികജാതി/പട്ടികവർഗം), കേരള ടൂറിസം ഡെവലപ്മെൻറ് കോർപ്പറേഷനിൽ മാർക്കറ്റിംഗ് എക്സിക്യൂട്ടീവ്, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിൽ ആർക്കിടെക്ചറൽ ഹെഡ് ഡ്രാഫ്ട്സ്മാൻ, സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകളിൽസ്റ്റെനോഗ്രാഫർ/കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് എന്നീ തസ്തികകളിലേക്കാണ് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നത്.

കണ്ണൂർ ജില്ലയിൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 (പട്ടികവർഗം), കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിൽ എൻജിനിയറിംഗ് അസിസ്റ്റൻറ് ഗ്രേഡ് 3, തദ്ദേശസ്വയംഭരണ വകുപ്പിൽ ഓവർസീയർ ഗ്രേഡ് 2/ഡ്രാഫ്ട്സ്മാൻ ഗ്രേഡ് 2, ശാരീരിക അളവെടുപ്പും കായികക്ഷമതാ പരീക്ഷയും നടത്തും. എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ (പട്ടികവർഗക്കാർക്കായുള്ള പ്രത്യേക നിയമനം) എന്നീ തസ്തികകളിലേക്കുള്ള സാധ്യതാ പട്ടിക പ്രസിദ്ധീകരിക്കും.

കണ്ണൂർ, തിരുവനന്തപുരം ജില്ലകളിൽ എൻസിസി/സൈനികക്ഷേമ വകുപ്പിൽ എൽഡി ടൈപ്പിസ്റ്റ്/ക്ലർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലർക്ക് (വിമുക്തഭടൻമാർ മാത്രം) ഒന്നാം എൻസിഎ, വിവിധ ജില്ലകളിൽ വിദ്യാഭ്യാസ വകുപ്പിൽ എച്ച്എസ്എ (സോഷ്യൽ സയൻസ്) മലയാളം മീഡിയം (തസ്തികമാറ്റം മുഖേന) വിവിധ ജില്ലകളിൽ വിദ്യാഭ്യാസ വകുപ്പിൽ എച്ച്എസ്എ (മാത്സ്) മലയാളം മീഡിയം (തസ്തികമാറ്റം മുഖേന), പാലക്കാട്, കൊല്ലം, ആലപ്പുഴ ജില്ലകളിൽ വിദ്യാഭ്യാസ വകുപ്പിൽ ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) യുപിഎസ് ഒന്നാം എൻസിഎ, ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ എച്ച്എസ്എസ്ടി(ജൂനിയർ)

ഇക്കണോമിക്സ് (പട്ടികവർഗം), കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനിയറിംഗ് കമ്പനി ലിമിറ്റഡിൽ സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് 2 നാലാം എൻസിഎപട്ടികവർഗം, കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ ലിമിറ്റഡിൽ യൂണിറ്റ് മാനേജർ എൻസിഎ എന്നീ തസ്തികകളിലേക്കുള്ള അഭിമുഖ പരീക്ഷ നടത്തുന്നതിനും ഇന്നലെ ചേർന്ന പിഎസ്‌സി യോഗം തീരുമാനിച്ചു.

# വീട്ടമ്മയുടെ കൊലപാതകം: പ്രതി പിടിയിൽ

അടിമാലി: പണിക്കൻകുടിയിൽ വീട്ടമ്മയെ കൊലപ്പെടുത്തി അടുക്കളയിൽ അടുപ്പിനുതാഴെ കുഴിച്ചുമൂടിയ കേസിലെ പ്രതി പണിക്കൻകുടി മാണിക്കുന്നേൽ ബിനോയി പോലീസിൻറെ പിടിയിലായി. കഴിഞ്ഞ 16 മുതൽ ഒളിവിൽ കഴിയുകയായിരുന്ന ഇയാളെ പെരിഞ്ചാംകുട്ടി വനമേഖലയിൽ നിന്നാണ് പിടികൂടിയത്. സിന്ധുവിൻറെ തലയ്ക്കടിച്ചു കൊലപ്പെടുത്തുകയായിരുന്നെന്ന് ഇയാൾ സമ്മതിച്ചതായി പോലീസ് അറിയിച്ചു.

സെപ്റ്റംബർ മൂന്നിനാണ് ഇടുക്കി തങ്കമണി സ്വദേശിനി വലിയപറമ്പിൽ സിന്ധുവിൻറെ (45) മൃതദേഹം ബിനോയിയുടെ വീടിൻറെ അടുക്കളയിൽ കുഴിച്ചിട്ട നിലയിൽ കണ്ടെത്തിയത്.

ഒളിവിൽപ്പോയ ബിനോയിയുടെ മൊബൈൽ ഫോൺ കേന്ദ്രീകരിച്ച് അന്വേഷണം നടത്തുന്നതിനിടെ ഞായറാഴ്ച രാത്രിയോടെ ഇയാൾ പെരിഞ്ചാംകുട്ടി ടവർ ലൊക്കേഷനിൽ എത്തിയതായി വ്യക്തമായി. തുടർന്ന് രാത്രിമുതൽ മേഖലയിൽ പോലീസ് അന്വേഷണം നടത്തുകയായിരുന്നു.

# എടിഎം സുരക്ഷാ ജീവനക്കാരുടെ 19 തോക്കുകൾ കസ്റ്റഡിയിലെടുത്തു

കളമശേരി: ബാങ്ക് എടിഎമ്മിൽ പണം നിറയ്ക്കാൻ പോകുന്ന സുരക്ഷാ ജീവനക്കാരിൽനിന്നു തോക്കുകൾ പരിശോധനയ്ക്കായി പോലീസ് പിടിച്ചെടുത്തു. മുംബൈയിൽനിന്നുള്ള സുരക്ഷാ ഏജൻസിയുടെ ഉണിച്ചിറയിലും പത്തടിപ്പാലത്തുമുള്ള ഓഫീസുകളിൽനിന്ന് 19 തോക്കുകളാണ് കളമശേരി പോലീസ് പിടിച്ചെടുത്തത്. സ്പെഷൽ ബ്രാഞ്ച് റിപ്പോർട്ടിനെ തുടർന്നായിരുന്നു പോലീസ് പരിശോധന.

എടിഎമ്മുകളിൽ പണം നിറയ്ക്കുന്നതിന് കരാറെടുത്ത കാഷ്മീർ കേന്ദ്രീകരിച്ചുള്ള കമ്പനിയാണ് സെക്യൂരിറ്റി ജീവനക്കാരെ നിയോഗിച്ചിരിക്കുന്നത്. രജപുരി ജില്ലക്കാരാണ് ജീവനക്കാർ. 18 തോക്കുകളുടെ ലൈസൻസ് ഹാജരാക്കിയെങ്കിലും തോക്ക് വിട്ടുകൊടുത്തിട്ടില്ല.

ലൈസൻസ് പരിശോധിക്കാനായി തോക്കുകൾ എഡിഎമ്മിന് പോലീസ് കൈമാറി. പിടിച്ച തോക്കുകളുടെ പരിശോധനയ്ക്കായി കാഷ്മീർ എഡിഎമ്മിനും രേഖകൾ കൈമാറിയതായി അറിയുന്നു.

തോക്കുകൾ കാഷ്മീരിൽ രജിസ്റ്റർ ചെയ്തതാണെങ്കിൽ കൂടി ഇവിടെ എത്തിക്കുമ്പോൾ എഡിഎമ്മിനെ അറിയിക്കണമെന്നതാണ് ചട്ടം. ഇതു ചെയ്തിട്ടില്ല. തോക്കുകൾക്ക് ലൈസൻസ് ഇല്ലെന്നോ വ്യാജമാണെന്നോ തെളിഞ്ഞാൽ നടപടി സ്വീകരിക്കുമെന്നു പോലീസ് അറിയിച്ചു.

# മഴ ലഭിക്കാൻ പെൺകുട്ടികളെ നഗ്നരാക്കി ഭിക്ഷയെടുപ്പിച്ചു; വിചിത്ര ആചാരം മധ്യപ്രദേശിൽ

ദാമോഹ്: മഴ ലഭിക്കാൻ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ നഗ്നരാക്കി വീടുകൾ തോറും ഭിക്ഷാടനം നടത്തിച്ചു. മധ്യപ്രദേശിലെ ദാമോഹ് ജില്ലയിലെ ബനിയ ഗ്രാമത്തിലാണ് ഏറെ വിചിത്രമായ ആചാരം അരങ്ങേറിയത്.

ചുമലിൽ ഉലക്ക ചുമത്തി അതിൽ ഒരു തവളയെ കെട്ടിയിട്ട് ആറ് പെൺകുട്ടികളെയാണ് ഇത്തരത്തിൽ നടത്തിച്ചത്. വീടുകളിൽ നിന്നും ശേഖരിക്കുന്ന ധാന്യം ഗ്രാമത്തിലുള്ള കമ്യൂണിറ്റി കിച്ചണിൽ എത്തിക്കണം. ഈ സമയം മുഴുവൻ ഗ്രാമവാസികളും ഇവിടെ എത്തണം. പെൺകുട്ടികളുടെ കുടുംബാംഗങ്ങളും ഇവർക്കൊപ്പമുണ്ടായിരുന്നു.

ഈ ആചാരം ചെയ്താൽ ഗ്രാമത്തിന് ധാരാളം മഴ ലഭിക്കുമെന്നും വരൾച്ച ഒഴിവാക്കുമെന്നും ഗ്രാമവാസികൾ വിശ്വസിക്കുന്നു. സംഭവം വിവാദമായതിനെ തുടർന്ന് നാഷണൽ കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് ദാമോ ജില്ലാ ഭരണകൂടത്തോട് റിപ്പോർട്ട് തേടിയിട്ടുണ്ട്.

സംഭവത്തിൽ ഗ്രാമവാസികൾ ആരുംതന്നെ പരാതി നൽകിയിട്ടില്ലെന്ന് ദാമോ ജില്ലാ കളക്ടർ പറഞ്ഞു.



ആദ്യ കണ്ടൽ പച്ചത്തുരുത്ത് പദ്ധതിക്ക് കോട്ടുകാൽ കരിച്ചൽ കായൽ വൃഷ്ടിപ്രദേശത്ത് തുടക്കം കുറിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി സുരേഷ്കുമാർ പദ്ധതി ഉദ്ഘാടനം ചെയ്തു. ഹരിത കേരളം മിഷന്റെ പച്ചത്തുരുത്ത് പദ്ധതിയുടെ ഭാഗമായാണ് കരിച്ചൽ കായൽ പച്ചത്തുരുത്ത് വച്ചുപിടിപ്പിക്കുന്നത്.

# ബൊൾസൊനാരൊ അട്ടിമറി നടത്തുമെന്ന് മുന്നറിയിപ്പ്

ബ്രസീലിയ: തീവ്രവലതുപക്ഷാനുഭാവിയായ ബ്രസീൽ പ്രസിഡന്റ് ജയ്ർ ബൊൾസൊനാരൊ പട്ടാള അട്ടിമറിയിലൂടെ രാജ്യത്തിന്റെ ഭരണം പിടിച്ചെടുത്തേക്കുമെന്ന് മുന്നറിയിപ്പ്. ഇടതുപക്ഷാനുഭാവികളായ മുൻ പ്രസിഡന്റുമാർ, പ്രധാനമന്ത്രിമാർ, ജനപ്രിയ നേതാക്കൾ തുടങ്ങിയവർ ചേർന്നാണ് ഇന്ന് നടക്കുന്ന പ്രതിഷേധ റാലികൾക്ക് പിന്നാലെ അമേരിക്കൻ കാപിറ്റോൾ ആക്രമണത്തിന് സമാനമായ സംഭവങ്ങൾ ഉണ്ടായേക്കുമെന്ന് മുന്നറിയിപ്പ് നൽകിയത്. അടുത്ത വർഷം നടക്കുന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ബൊൾസൊനാരൊ മത്സരിക്കുന്നുണ്ടെങ്കിലും കോവിഡ് പ്രതിരോധത്തിൽ വന്ന പിഴവും തുടച്ചയായ അഴിമതി ആരോപണങ്ങളും ബൊൾസൊനാരൊയുടെ പിന്തുണയിൽ 20 ശതമാനം ഇടിവാണ് ഉണ്ടാക്കിയത്. അഭിപ്രായ സർവേകളിൽ പങ്കെടുത്ത 60 ശതമാനം ആളുകളും ഒരുകാരണവശാലും ഇനി ബൊൾസൊനാരൊയ്ക്ക് വോട്ട് ചെയ്യില്ലെന്നാണ് പ്രഖ്യാപിച്ചിരിക്കുന്നത്. മുൻ യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഉന്നയിച്ചതുപോലെ തെരഞ്ഞെടുപ്പ് അട്ടിമറി ആരോപണമാണ് ബൊൾസൊനാരൊയും ഉന്നയിക്കുന്നത്. എന്നാൽ തെരഞ്ഞെടുപ്പ് അട്ടിമറി ആരോപണവും ഇലക്ട്രൽ ബാലറ്റിന് പുറമെ പ്രിന്റിങ് ബാലറ്റ് കൂടി ഉൾപ്പെടുത്തണമെന്ന ബൊൾസൊനാരൊയുടെ വാദവും കോൺഗ്രസും സുപ്രീം കോടതിയും തള്ളി. പോർച്ചുഗീസ് ഭരണത്തിൽ നിന്ന് ബ്രസീൽ മോചനം നേടിയതിന്റെ 199ാം സ്വാതന്ത്ര്യദിനമാണ് ഇന്ന്. പാർട്ടി അനുഭാവികളെയും ജനങ്ങളെയും ഉൾപ്പെടുത്തി തെരഞ്ഞെടുപ്പ് പരിഷ്കരണം അനുവദിക്കാത്തതിനാൽ പാർലമെന്റിനും സുപ്രീം കോടതിക്കുമെതിരെ രാജ്യവ്യാപക പ്രതിഷേധം നടത്താനാണ് ബൊൾസൊനാരൊ ആഹ്വാനം ചെയ്തിരിക്കുന്നത്. ബൊൾസൊനാരൊയെ അനുകൂലിക്കുന്ന 16 റാലികളും എതിർക്കുന്ന നാല് റാലികളും നടക്കുമെന്നാണ് കണക്കാക്കുന്നത്. തലസ്ഥാനമായ സാവോ പോളൊയും ബ്രസീലിയയും ജനപ്രവാഹം കൊണ്ട് നിറയ്ക്കണമെന്നാണ് ബൊൾസൊനാരൊ ആഹ്വാനം ചെയ്തിരിക്കുന്നത്. റോഡുകൾ പിടിച്ചെടുക്കണമെന്നും ബൊൾസൊനാരൊ ജനങ്ങളോട് ആവശ്യപ്പെട്ടു. എന്നാൽ അക്രമണ സാധ്യത മുന്നിൽകണ്ട് ആയിരത്തോളം സൈനികരെ വിന്യസിച്ചിട്ടുണ്ട്. ബൊൾസൊനാരൊയുടെ റാലിക്കെതിരായി പ്രകടനം നടത്തി ജനങ്ങളെ കൂടുതൽ കുഴപ്പത്തിലാക്കില്ലെന്ന് ഇടതുപക്ഷ പാർട്ടികൾ അറിയിച്ചു. 35 വർഷം പഴക്കമുള്ള ബ്രസീലിയൻ ജനാധിപത്യത്തിന് കേട്പാടുകൾ സംഭവിക്കാതിരിക്കാൻ ഇന്നേദിവസം എല്ലാവരും കരുതലോടെയിരിക്കണമെന്ന് സുപ്രീം കോടതി ജസ്റ്റിസ് ലൂയിസ് ഫുക്സ് പറഞ്ഞു.

സ്പാനിഷ് മുൻ പ്രധാനമന്ത്രി ജോസ് ലൂയിസ് റൊഡ്രിഗൂസ് സപെട്രോ, ഗ്രീക്ക് മുൻ ധനകാര്യമന്ത്രി യാനിസ് വരൊഫ

# എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ

സംസ്ഥാനത്ത് കോവിഡ് വന്ന് രോഗമുക്തി നേടിയവരിൽ വിവിധതരം ആരോഗ്യ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്ത പശ്ചാത്തലത്തിൽ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ സജ്ജീകരിക്കുന്നതിനുള്ള മാർഗനിർദേശവും സർക്കാർ ഉത്തരവും പുറത്തിറക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. കോവിഡ് മുക്തരായവരിൽ കണ്ടുവരുന്ന വിവിധ തരം രോഗലക്ഷണങ്ങളെയാണ് പോസ്റ്റ് കോവിഡ് സിൻഡ്രോം എന്ന് വിശേഷിപ്പിക്കുന്നത്. കോവിഡ് മുക്തരായ എല്ലാ രോഗികൾക്കും പോസ്റ്റ് കോവിഡ് ക്ലിനിക്കുകളുടെ സേവനം ലഭിക്കും. പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജുകൾ വരെയും സ്വകാര്യ ആശുപത്രികളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി.

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ വ്യാഴാഴ്ച ഉച്ചയ്ക്ക് 12 മണി മുതൽ 2 മണി വരെയും ജനറൽ, ജില്ലാ, താലൂക്ക് ആശുപത്രികളിൽ വ്യാഴാഴ്ചകളിലും മെഡിക്കൽ കോളേജുകളിൽ എല്ലാ ദിവസവും സ്വകാര്യ ആശുപത്രികളിൽ മാനേജ്മെന്റ് നിശ്ചയിക്കുന്ന ദിവസങ്ങളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ പ്രവർത്തിക്കും.

സർക്കാർ, സ്വകാര്യ പോസ്റ്റ് കോവിഡ് ക്ലിനിക്കുകളുടെ നടത്തിപ്പിനും മേൽനോട്ടത്തിനും സംസ്ഥാന, ജില്ല, സ്ഥാപന തലങ്ങളിൽ പ്രത്യേക സമിതികളും രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ ആരോഗ്യ, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർമാരുടെ നേതൃത്വത്തിലും ജില്ലാ തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ എന്നിവരുടെ നേതൃത്വത്തിലും സ്ഥാപനങ്ങളിൽ സൂപ്രണ്ടുമാരുടെ നേതൃത്വത്തിലുമായിരിക്കും സമിതികൾ പ്രവർത്തിക്കുക. സ്വകാര്യ ആശുപത്രികളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകളുടെ മേൽനോട്ടത്തിനായി ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തും.

എല്ലാ രോഗികൾക്കും സി.എഫ്.എൽ.റ്റി.സി, സി.എസ്.എൽ.റ്റി.സി, ഡി.സി.സി, കോവിഡ് ആശുപത്രികളിൽ നിന്നും ഡിസ്ചാർജ് ചെയ്യുമ്പോൾ തന്നെ പോസ്റ്റ് കൊവിഡ് ക്ലിനിക്കുകളെ കുറിച്ച് വിവരങ്ങൾ നൽകും. ഫീൽഡ് തലത്തിൽ ജെ.പി.എച്ച്.എൻ., ജെ.എച്ച്.ഐ, ആശ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ പോസ്റ്റ് കൊവിഡ് ക്ലിനിക്കുകളെക്കുറിച്ച് കോവിഡ് മുക്തരായവർക്ക് ബോധവത്കരണം നൽകും. പോസ്റ്റ് കൊവിഡ് ക്ലിനിക്കുകളിൽ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കും. ഫീൽഡ് തല ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, ആശ പ്രവർത്തകർ, പാലിയേറ്റീവ് കെയർ പ്രവർത്തകർ എന്നിവർ അതത് പ്രദേശത്തുള്ള കോവിഡ് മുക്തരായവർ പോസ്റ്റ് കൊവിഡ് ക്ലിനിക്കുകളിൽ എത്തി സേവനം തേടുന്നുവെന്ന് ഉറപ്പ് വരുത്തും. ആശുപതികളിൽ ചികിത്സയ്ക്കായി എത്തുന്ന കോവിഡ് രോഗികളുടെ പേരും മേൽവിലാസവും അതതു പ്രദേശത്തെ ആരോഗ്യ പ്രവർത്തകർക്ക് നൽകും.

പി.എച്ച്.സി, എഫ്.എച്ച്.സി., സി.എച്ച്.സി. തലത്തിൽ പോസ്റ്റ് കൊവിഡ് ക്ലിനിക്കിൽ എത്തുന്ന രോഗികളെ രജിസ്റ്റർ ചെയ്യുകയും അവർക്ക് ആവശ്യമായ ചികിത്സ നൽകുകയും ചെയ്യും. കൂടുതൽ വിദഗ്ദ്ധ ചികിത്സ ആവശ്യമുള്ളവരെ ദ്വിതീയ, ത്രിതീയ തല ആശുപത്രികളിലേക്ക് റഫർ ചെയ്യും. രോഗികളുടെ റഫറൽ വിവരങ്ങൾ ഉൾപ്പെടെ എല്ലാ വിവരങ്ങളും റെക്കോഡ് ചെയ്യും.

താലൂക്ക്, ജില്ല, ജനറൽ ആശുപത്രികളിൽ നേരിട്ട് എത്തിയോ ഫോൺ വഴിയോ ടെലിമെഡിസിൻ സൗകര്യം ഉപയോഗപ്പെടുത്തിയോ പോസ്റ്റ് കോവിഡ് ക്ലിനിക്കുകളുടെ സേവനം തേടാം. ജനറൽ മെഡിസിൻ, ഹൃദ്രോഗ വിഭാഗം, റെസ്പിറേറ്ററി മെഡിസിൻ, ന്യൂറോളജി, സൈക്യാട്രി, ശിശുരോഗ വിഭാഗം, ഗൈനക്കോളജി, ഡെർമറ്റോളജി, ഇ എൻ.റ്റി, അസ്ഥിരോഗവിഭാഗം, ഫിസിക്കൽ മെഡിസിൻ തുടങ്ങിയ സ്പെഷ്യാലിറ്റി സേവനങ്ങൾ ഇവിടെ ലഭ്യമാകും.

ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങൾ നേരിടുന്നവർക്ക് വ്യായാമ പരിശീലനം, ബോധവത്കരണം, പുകയില ഉപയോഗം നിർത്തുവാനുള്ള വിവിധ സേവനങ്ങൾ ഉൾപ്പെടെയുള്ള പൾമണറി റിഹാബിലിറ്റേഷൻ സേവനങ്ങൾ ലഭ്യമാക്കും. ജില്ലാ, ജനറൽ ആശുപത്രികളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും പ്രവർത്തിക്കുന്ന പൾമണറി റിഹാബിലിറ്റേഷൻ ക്ലിനിക്കുകളിലെ ഫിസിക്കൽ മെഡിസിൻ വിഭാഗത്തിന്റെയും പരിശീലനം ലഭിച്ചിട്ടുള്ള ഫിസിയോ തെറാപ്പിസ്റ്റ് സ്റ്റാഫ് നഴ്സ് എന്നിവരുടയും സേവനം ഇതിനായി പ്രയോജനപ്പെടുത്തും.

പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിൽ എത്തേണ്ടവരുടെ വിവരങ്ങൾ ഫീൽഡ് തലത്തിലും ക്ലിനിക്കുകളിൽ എത്തുന്നവരുടെ വിവരങ്ങൾ ക്ലിനിക്കുകളിലും രേഖപ്പെടുത്തി ജില്ലാതലത്തിൽ ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്യും.

# തളിര് സ്കോളർഷിപ്പിനുള്ള രജിസ്ട്രേഷൻ ആരംഭിച്ചു

തിരുവനന്തപുരം : കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന തളിര് സ്കോളർഷിപ്പ് 2021 22 പദ്ധതിയുടെ രജിസ്ട്രേഷൻ ആരംഭിച്ചു. തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർ സന്തോഷ് കുമാർ എസാണ് ആദ്യ രജിസ്ട്രേഷൻ നടത്തിയത്. വേുേ://ംംം.സലൃമഹമയമഹമമെവശ്യേമ.ശി/ എന്ന സൈറ്റുവഴി ഓൺലൈനായി ഈ മാസം 30 വരെ രജിസ്ട്രേഷൻ നടത്താം.

200രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്ക് ഒരു വർഷത്തെ തളിര് മാസിക സൗജന്യമായി ലഭിക്കും. അഞ്ചു മുതൽ ഏഴു വരെയുള്ള ക്ലാസുകളെ ജൂനിയർ വിഭാഗത്തിലും എട്ടു മുതൽ 10 വരെയുള്ള ക്ലാസുകളെ സീനിയർ വിഭാഗത്തിലും ഉൾപ്പെടുത്തിയാണ് പരീക്ഷ നടത്തുന്നത്. പൊതുവിജ്ഞാനം, ആനുകാലികം, ബാലസാഹിത്യം, തളിര് മാസിക, സ്കൂൾ സിലബസുമായി ബന്ധപ്പെട്ട സാഹിത്യം, ചരിത്രം, എന്നിവയെ ആസ്പദമാക്കിയായിരിക്കും പരീക്ഷ നടത്തുക.

ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമായി നടക്കുന്ന പരീക്ഷ ജനുവരി മാസത്തിൽ നടക്കും. ഓരോ ജില്ലയിലെയും 60 കുട്ടികൾക്ക് 1000 രൂപ വീതം സ്കോളർഷിപ്പും 100 കുട്ടികൾക്ക് 500 രൂപ വീതം സ്കോളർഷിപ്പും ലഭ്യമാവും. കേരളത്തിലൊട്ടാകെ 2500ഓളം കുട്ടികൾക്കായി 16 ലക്ഷം രൂപയുടെ സ്കോളർഷിപ്പുകളാണ് വിതരണം ചെയ്യുക. സംസ്ഥാനതലത്തിൽ ഇരു വിഭാഗത്തിലും ആദ്യമെത്തുന്ന മൂന്നു സ്ഥാനക്കാർക്ക് 10000, 5000, 3000 രൂപയുടെ സ്കോളർഷിപ്പുകളും നൽകും. കൂടുതൽ വിവരങ്ങൾക്കായി 8547971483, 04712333790 എന്ന നമ്പരിൽ ബന്ധപ്പെടാം.

# കോടതിയിൽ ക്ലാർക്ക് നിയമനം

കോഴിക്കോട് ജില്ലാകോടതി സമുച്ചയത്തിൽ പ്രവർത്തിക്കുന്ന താൽക്കാലിക സ്പെഷ്യൽ ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് (എൻ.ഐ.ആക്ട് കേസുകൾ) കോടതിയിൽ ക്ലാർക്ക് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ താത്ക്കാലികമായി നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. 19,950 രൂപയാണ് വേതനം. 60 വയസ് പൂർത്തിയാകാൻ പാടില്ല.

അപേക്ഷകർ അതത് തസ്തികയിലോ ഉയർന്ന തസ്തികകളിലോ കേന്ദ്ര ഗവൺമെന്റ് സർവീസിലോ സംസ്ഥാന ഗവൺമെന്റ് സർവീസിലോ തുടർച്ചയായി അഞ്ച് വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം ഉള്ളവരായിരിക്കണം. ഹൈക്കോടതി/ നിയമ വകുപ്പ്/ അഡ്വക്കേറ്റ് ജനറൽ ഓഫീസ്/ സബോഡിനേറ്റ് ജൂഡീഷ്യറി എന്നിവിടങ്ങളിൽ പ്രവൃത്തിപരിചയമുള്ളവർക്ക് മുൻഗണന. പേര്, വിലാസം, ഫോൺ നമ്പർ, ജനനതിയതി, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ രേഖപ്പെടുത്തിയ അപേക്ഷ വെള്ളക്കടലാസിൽ തയ്യാറാക്കി അയയ്ക്കണം. പ്രായം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കണം.

വിരമിച്ച കോടതി ജീവനക്കാർക്ക് മുൻഗണനയുണ്ട്. നിയമനം കരാർ അടിസ്ഥാനത്തിൽ 179 ദിവസത്തേക്കോ 2022 മാർച്ച് 31 വരെയോ കോടതി സ്ഥിരമാക്കുന്നതിനുള്ള സർക്കാർ ഉത്തരവിന് സ്പഷ്ടീകരണം ലഭിക്കുന്നതുവരെയോ അല്ലെങ്കിൽ 60 വയസ് പൂർത്തിയാകുന്നതുവരെയോ ഇവയിൽ ഏതാണോ ആദ്യം അന്നുവരെ ആയിരിക്കും. അപേക്ഷകൾ 17ന് വൈകിട്ട് 5 മണിവരെ സ്വീകരിക്കും. യോഗ്യരായ അപേക്ഷകരെ ഇന്റർവ്യൂ തിയതി നേരിട്ട് അറിയിക്കും. അപേക്ഷകൾ അയക്കേണ്ട വിലാസം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോഴിക്കോട്673032.

# നോക്കുകൂലിക്കും മിന്നൽ പണിമുടക്കിനുമൊപ്പം ഇല്ല; ഉത്പാദന ക്ഷമത വർധിപ്പിക്കാൻ നടപടി

നോക്ക്കൂലിയും മിന്നൽ പണിമുടക്കും ഉൾപ്പെടെ വ്യവസായ രംഗത്ത് നിലവിലുള്ള അരാജക പ്രവണതകൾ അവസാനിപ്പിക്കുന്നതിന് മുൻകൈയെടുക്കുമെന്ന് തൊഴിലാളി സംഘടനകൾ വ്യക്തമാക്കി.

വ്യവസായ വളർച്ചയെ തടസപ്പെടുത്തുന്ന രീതികൾ അവസാനിപ്പിക്കുന്നതിനൊപ്പം തൊഴിലാളികളുടെ ഉത്പാദന ക്ഷമത ഉയർത്താനുള്ള സർക്കാർ നടപടികൾക്കൊപ്പം നിൽക്കുമെന്നും അംഗീകൃത സംഘടനകൾ അറിയിച്ചു. വ്യവസായമന്ത്രി പി.രാജീവ് വിളിച്ചു ചേർത്ത തൊഴിലാളി സംഘടനകളുടെ യോഗത്തിൽ, വ്യവസായ വളർച്ച ലക്ഷ്യമിട്ട് സർക്കാർ സ്വീകരിക്കുന്ന നടപടികൾക്ക് അവർ പിന്തുണയും അറിയിച്ചു.

ഉത്തരവാദ വ്യവസായം, ഉത്തരവാദ നിക്ഷേപം എന്നതാണ് സർക്കാർ നയമെന്ന് വ്യവസായ മന്ത്രി പറഞ്ഞു. തൊഴിലാളികളുടെ ഉത്പാദന ക്ഷമത ഉയർത്തുന്നതിന് സമഗ്രമായ പരിശീലനപരിപാടികൾ ആവിഷ്കരിക്കും. കെഡിസ്കിന്റെ ആഭിമുഖ്യത്തിൽ നൈപുണ്യവികസന പരിപാടി സംഘടിപ്പിക്കും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാധ്യതകളും ഉപയോഗിക്കും. കോഴിക്കോട് ഐ.ഐ.എമ്മിൽ പൊതുമേഖലയിലെ മാനേജ്മെന്റ് ജീവനക്കാർക്കായി പരിശീലനം നൽകും.

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രവർത്തന സ്വാതന്ത്ര്യം അനുവദിക്കും. അടഞ്ഞുകിടക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ സ്ഥലം ഉപയോഗിക്കണമെന്നാണ് സർക്കാർ തീരുമാനം.

പരമ്പരാഗത വ്യവസായങ്ങളിൽ മൂല്യവർധനയും വൈവിധ്യവത്ക്കരണവും നടപ്പാക്കും. ഈ സർക്കാർ ചുമതലയേറ്റ ശേഷം 3247 എം.എസ്.എം. ഇ യൂണിറ്റുകളും 373 കോടി രൂപയുടെ നിക്ഷേപവും പുതുതായി വന്നു. 13209 തൊഴിലവസരങ്ങൾ സൃഷ്ടിച്ചതായും മന്ത്രി പറഞ്ഞു.

സാമ്പത്തിക വളർച്ചയും തൊഴിലവസരവും സൃഷ്ടിക്കാനുള്ള സർക്കാർ നടപടികൾക്ക് ട്രേഡ് യൂണിയനുകൾ പിന്തുണ നൽകുമെന്ന് സി.ഐ.ടി.യു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരിം എം.പി പറഞ്ഞു. നോക്കുകൂലി അനുവദിക്കാനാവില്ല. കരാർ തൊഴിലാളികളുടെ നിയമനത്തിൽ തൊഴിലാളി സംഘടനകൾ ഇടപെടില്ല. മികവും ജോലിയിലെ പ്രകടനവും മാത്രം അടിസ്ഥാനമാക്കി എം.ഡിമാരെ നിയമിക്കണമെന്നും എളമരം കരിം പറഞ്ഞു. കേരളം വ്യവസായ സൗഹൃദ സംസ്ഥാനമായി മാറുന്നതിനും തൊഴിലവസരം സൃഷ്ടിക്കുന്നതിനും യോജിച്ച് പ്രവർത്തിക്കുമെന്ന് ഐ.എൻ.ടി.യു.സി സംസ്ഥാന പ്രസിഡന്റ് ആർ. ചന്ദ്രശേഖരൻ പറഞ്ഞു.

ഉത്പാദന ക്ഷമതാ വർധനവിനെക്കുറിച്ച് പഠിക്കാൻ സമിതിയെ നിയോഗിക്കണം. വ്യവസായ വളർച്ചയും ട്രേഡ് യൂണിയനുകളുടെ പങ്കും വ്യക്തമാകാൻ ശിൽപശാല സംഘടിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.

പരമ്പരാഗത വ്യവസായ മേഖലയ്ക്കാണ് കൂടുതൽ തൊഴിൽ അവസരം സൃഷ്ടിക്കാൻ കഴിയുകയെന്ന് എ.ഐ.ടി.യു.സി സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി.രാജേന്ദ്രൻ പറഞ്ഞു. വ്യവസായവുമായി ബന്ധപ്പെട്ട് തൊഴിലാളി സംഘടനകളുടെ അഭിപ്രായം ശേഖരിക്കുന്നതിന് ഒരു സ്റ്റാറ്റിയൂട്ടറി സമിതി രൂപീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു. സ്വകാര്യ ടെക്സ്റ്റൈൽ മില്ലുകളുടെ പ്രതിസന്ധി പരിഹരിക്കണമെന്ന് ബി.എം.എസ് സംസ്ഥാന ജനറൽ സെക്രട്ടറി ജി.കെ അജിത് ആവശ്യപ്പെട്ടു. തൊഴിലും വികസനവും എന്ന സർക്കാർ കാഴ്ചപ്പാട് സ്വാഗതാർഹമാണെന്ന് എസ്.ടി.യു സംസ്ഥാന പ്രസിഡന്റ് അഡ്വ.എം.റഹ്മത്തുള്ള പറഞ്ഞു. അടച്ചുപൂട്ടിയ സ്വകാര്യ വ്യവസായ സ്ഥാപനങ്ങളുടെ കൈവശമുള്ള സർക്കാർ ഭൂമി തിരിച്ചു പിടിക്കണമെന്നും അദ്ദേഹം പറഞ്ഞു.

എച്ച്.എം.എസ് സംസ്ഥാന ജനറൽ സെക്രട്ടറി ടോമി മാത്യു, സേവ കേരള സെക്രട്ടറി സോണിയ ജോർജ്ജ്, ടി.ബി. മിനി (ടി.യു.സി.ഐ), ജോസ് പുത്തൻകാല (കെ.ടി.യു.സി), വി.കെ. സദാനന്ദൻ എന്നിവർ വിവിധ തൊഴിലാളി സംഘടനകളെ പ്രതിനിധീകരിച്ച് പങ്കെടുത്തു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാരായ ഡോ.കെ. ഇളങ്കോവൻ, എ.പി.എം മുഹമ്മദ് ഹനീഷ് എന്നിവരും സംസാരിച്ചു.

# ഗ്രാമപഞ്ചായത്തുകളിലെ സേവനങ്ങൾ വിരൽത്തുമ്പിൽ: സിറ്റിസൺ പോർട്ടൽ ഉദ്ഘാടനം ചെയ്തു

കേരളത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലെയും സേവനങ്ങൾ ജനങ്ങൾക്ക് വിരൽത്തുമ്പിൽ ലഭ്യമാക്കുന്ന സിറ്റിസൺ പോർട്ടൽ തദ്ദേശ സ്വയംഭരണ, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻമാസ്റ്റർ ഉദ്ഘാടനം ചെയ്തു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെത്തുന്ന ജനങ്ങൾ ഉന്നയിക്കുന്ന പരാതികൾ ഒഴിവാക്കാൻ സിറ്റിസൺ പോർട്ടൽ സഹായകരമാകുമെന്ന് മന്ത്രി പറഞ്ഞു. സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനങ്ങളിലൊന്നാണ് സിറ്റിസൺ പോർട്ടൽ നിലവിൽ വരുന്നതോടെ പൂർത്തീകരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കേണ്ട സേവനങ്ങൾ കൃത്യമായി നൽകുന്ന കുറ്റമറ്റ പ്രവർത്തനം ഈ വർഷം അവസാനത്തോടെ പൂർത്തിയാകും. ഗ്രാമപഞ്ചായത്തുകളിലെ ഭരണനിർവഹണ നടപടികളും സേവനങ്ങളും സുതാര്യവും സുഗമവുമാക്കി പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കാൻ പഞ്ചായത്ത് വകുപ്പിന്റെ സഹകരണത്തോടെ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച അതിനൂതന സോഫ്റ്റ്വെയർ അപ്ലിക്കേഷനായ സംയോജിത പ്രാദേശിക ഭരണ മാനേജ്മെന്റ് സമ്പ്രദായ (ഐഎൽജിഎംഎസ്)ത്തിന്റെ ഭാഗമായി പ്രത്യേകം തയ്യാറാക്കിയ സംവിധാനമാണ് സിറ്റിസൺ പോർട്ടൽ. സെപ്തംബർ ഒന്നുമുതൽ സിറ്റിസൺ പോർട്ടൽ പൊതുജനങ്ങൾക്ക് ലഭ്യമായിത്തുടങ്ങി. എല്ലാ സർട്ടിഫിക്കറ്റുകളും സമയബന്ധിതമായി ഓൺലൈനിൽ ലഭ്യമാക്കാൻ ക്രമീകരണം ഉണ്ടാക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം മുൻനിർത്തിയാണ് ഐഎംഎൽജിഎംഎസ് ആപ്ലിക്കേഷൻ വികസിപ്പിച്ചത്. കേരളത്തിലെ 153 ഗ്രാമപഞ്ചായത്തുകളിൽ ഐഎൽജിഎംഎസ് നിലവിൽ പ്രവർത്തിക്കുന്നു. രണ്ടാംഘട്ടമായി 150 ഗ്രാമപഞ്ചായത്തുകളിൽ ഐഎൽജിഎംഎസ് വിന്യസിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. 303 ഗ്രാമപഞ്ചായത്തുകളിലേക്ക് സോഫ്റ്റ്വെയറിൽ രജിസ്റ്റർ ചെയ്ത ലോഗിനിലൂടെയും അക്ഷയ സെന്ററുകളിലൂടെയും 213 സേവനങ്ങൾ ലഭിക്കാൻ ഓൺലൈനായി അപേക്ഷിക്കാനും ഓൺലൈൻ പെയ്മെന്റ് നടത്താനും സേവനങ്ങൾ ഓൺലൈനായി ലഭിക്കാനും പൊതു ജനങ്ങൾക്ക് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കിയുള്ള 638 ഗ്രാമപഞ്ചായത്തുകളിൽ കൂടി സേവനങ്ങൾക്കായി ഓൺലൈനിൽ അപേക്ഷിക്കാനും അപേക്ഷയോടൊപ്പം നൽകാനുള്ള ഫീസുകൾ ഓൺലൈനിൽ അടയ്ക്കാനും സർക്കാർ നിർദേശപ്രകാരം ഐഎൽജിഎംഎസിന്റെ തന്നെ ഭാഗമായി പ്രത്യേകം തയ്യാറാക്കിയതാണ് സിറ്റിസൺ പോർട്ടൽ. പഞ്ചായത്ത് വകുപ്പ് ഡയറക്ടർ എച്ച് ദിനേശൻ, കേരള സ്റ്റേറ്റ് ഐടി മിഷൻ ഡയറക്ടർ ആൻഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ എസ്. ചന്ദ്രശേഖർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പി ഐ ശ്രീവിദ്യ, കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ, തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സൗരഭ് ജെയിൻ, നഗരകാര്യ വകുപ്പ് ഡയറക്ടർ ഡോ. രേണുരാജ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി കെ. സുരേഷ്, പഞ്ചായത്ത് വകുപ്പ് അഡീഷണൽ ഡയറക്ടർ എം.പി അജിത് കുമാർ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

# സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ ആസ്ഥാന കേന്ദ്രം മുഖ്യമന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യും

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ പഠന ഗവേഷണ പരിശീലന സ്ഥാപനമായ സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷനായി (എസ്.എ.എസ്.എ) കൈമനത്ത് 4.41 കോടി രൂപ ചെലവിൽ നിർമ്മിച്ച കെട്ടിടത്തിന്റെ പ്രവർത്തനോദ്ഘാടനം 7ന് ഉച്ചയ്ക്ക് 12.15ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. പൊതുവിദ്യാഭ്യാസതൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷത വഹിക്കും. കേന്ദ്ര സഹമന്ത്രി (മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ) റാവു ഇന്ദർജിത് സിംഗ് മുഖ്യപ്രഭാഷണം നടത്തും. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ടിക്കാറാം മീണ സ്വാഗതം പറയും. സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ഡയറക്ടർ പി.വി. ബാബു റിപ്പോർട്ട് അവതരിപ്പിക്കും. ഡോ. ശശി തരൂർ എം.പി, മേയർ ആര്യ രാജേന്ദ്രൻ എസ്, വാർഡ് കൗൺസിലർ സൗമ്യ. എൽ, കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മിഷൻ ചെയർമാൻ പി.സി. മോഹനൻ, എൻ.എസ്.ഒ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ സുനിത ഭാസ്കർ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ ഡയറക്ടർ ഡോ. കെ.ജെ. ജോസഫ് എസ്.എ.എസ്.എ അഡ്വൈസറി കമ്മിറ്റി ചെയർമാൻ ഡോ.കെ.എൻ. ഹരിലാൽ, സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് അഡീഷണൽ ഡയറക്ടർ (ജനറൽ) സജീവ്.പി.പി എന്നിവർ പങ്കെടുക്കും.

# കോവിഡ് രാജ്യത്തെ പിന്നാക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസത്തെ ബാധിച്ചു

ന്യൂഡൽഹി : കോവിഡ് വ്യാപനം അടിസ്ഥാനവർഗ വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികളുടെ പഠനത്തെ രൂക്ഷമായി ബാധിച്ചെന്ന് സർവേ ഫലങ്ങൾ. 15 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായുള്ള 1400 വിദ്യാർത്ഥികളിൽ നടത്തിയ സർവേയിലാണ് രാജ്യത്തെ പിന്നാക്ക വിഭാഗക്കാരയ കുട്ടികളുടെ വിദ്യാഭ്യാസത്തിൽ കോവിഡ് വ്യാപനത്തിന്റെ ഗുരുതര പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള വിവരങ്ങളുള്ളത്. കോവിഡ് വ്യാപനത്തിന് ശേഷം 17 മാസത്തോളമായി സ്കുളുകൾ അടച്ചിട്ടിരിക്കുകയാണ്. രോഗവ്യാപനം കുറയുന്ന സാഹചര്യത്തിൽ ചില സംസ്ഥാനങ്ങൾ ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്കായി ഓഫ്!ലൈൻ ക്ലാസുകൾ പുനാരാംഭിച്ചിരുന്നു. എന്നാൽ ചെറിയ ക്ലാസുകളിലെ കുട്ടികൾക്ക് പഴയപടി ക്ലാസുകൾ പുനരാരംഭിക്കാത്തതിന്റെ ആശങ്കയിലാണ് 97 ശതമാനം രക്ഷിതാക്കളുമെന്നും സർവേയിൽ പറയുന്നു. സ്കുളുകൾ തുറന്നുള്ള ക്ലാസുകളാണ് ഇന്ത്യയിലെ ഗ്രാമപ്രദേശങ്ങളിലെ രക്ഷിതാക്കളുടെ പ്രധാന ആവശ്യം.

സാമ്പത്തിക വിദഗ്ധരായ ജീൻ ഡ്രെസും റീതിക ഖേരയും ഗവേഷകനായ വിപുൽ പൈക്രയും ചേർ!ന്ന് നൂറോളം സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെയാണ് സർവേ നടത്തിയത്.

സർവേയുടെ ഭാഗമായി നടത്തിയ ലളിതമായ വായനാ പരീക്ഷയുടെ ഫലങ്ങൾ ഗൗരവമുള്ളതാണെന്നും ഗവേഷകർ ചൂണ്ടിക്കാണിക്കുന്നു. സർവേയിൽ പങ്കെടുത്ത കുട്ടികളിൽ പകുതിയോളം പേർക്കും കുറച്ച് വാക്കുകളാണ് വായിക്കാൻ കഴിഞ്ഞതെന്നും റിപ്പോർട്ടിൽ പറയുന്നു. ലോക്ഡൗൺ കാലയളവിൽ കുട്ടികളുടെ വായനാശീലങ്ങൾ കുറഞ്ഞുവെന്നാണ് രക്ഷിതാക്കളും പറയുന്നത്. ഓൺലൈൻ ക്ലാസുകളിൽ എട്ട് ശതമാനം കുട്ടികൾക്ക് മാത്രമാണ് സ്ഥിരമായി പങ്കെടുക്കാൻ കഴിയുന്നത്. ക്ലാസിനാവശ്യമായ സ്മാർട്ട് ഫോൺ,ഇന്റർനെറ്റ് എന്നിവ ലഭ്യമാക്കുന്നത് തന്നെ രക്ഷിതാക്കൾക്ക് വൻ സാമ്പത്തിക ബാധ്യതയാണ് വരുത്തിവയ്ക്കുന്നത്. ഓൺലൈനായി ക്ലാസുകൾ നടക്കുന്നതിനാൽ കുട്ടികൾക്ക് പഠനം പിന്തുടരാനുകുമോ എന്ന ആശങ്കയാണ് ഭൂരിഭാഗം രക്ഷിതാക്കൾക്കുമുള്ളത്. സ്മാർട്ട്ഫോൺ സൗകര്യം ലഭ്യമാകുന്ന വീടുകളിൽ പോലും ഓൺലൈൻ ക്ലാസുകളിൽ സ്ഥിരമായി ഹാജരാകുന്ന കുട്ടികൾ നഗരപ്രദേശങ്ങളിൽ 31 ശതമാനവും ഗ്രാമപ്രദേശങ്ങളിൽ 15 ശതമാനവുമാണെന്നും റിപ്പോർട്ട് സൂചിപ്പിക്കുന്നു.

അസം, ബിഹാർ, ഝാർഖണ്ഡ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങൾ ഓൺലൈൻ ക്ലാസുകൾക്ക് സൗകര്യമില്ലാത്ത വിദ്യാർത്ഥികൾക്കായി ആവശ്യമായ നടപടികൾ സ്വീകരിച്ചിരുന്നില്ല. കർണാടക, മഹാരാഷ്ട്ര, പഞ്ചാബ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾ അധ്യാപകരോട് വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിച്ച് മാർഗനിർദ്ദേശങ്ങൾ നൽകാനും കുട്ടികൾക്ക് ഗൃഹപാഠങ്ങൾ നൽകാനും ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ ശ്രമങ്ങളിൽ ഭൂരിഭാഗം ഫലങ്ങളും തൃപ്തികരമല്ലെന്നും റിപ്പോർട്ട് പറയുന്നു. ഓൺലൈൻ ക്ലാസുകളിലെ സ്റ്റഡി മെറ്റീരിയലുകൾ പല സ്കൂളുകളും വിദ്യാർത്ഥികൾക്ക് നൽകുന്നില്ല. ഇതിനെക്കുറിച്ച് രക്ഷിതാക്കൾക്കും അറിയില്ല. ചെറിയ ക്ലാസുകളിലെ കുട്ടികൾക്ക് ഓൺലൈൻ ക്ലാസുകളിൽ ക!ൃത്യമായി ശ്രദ്ധിക്കാനോ, ഭുരിഭാഗം പേർക്കും ക്ലാസുകളെക്കുറിച്ച് ധാരണയില്ലെന്നും പഠനം ചൂണ്ടിക്കാണിക്കുന്നു. ഓൺലൈൻ ക്ലാസുകളുടെ ഫളപ്രാപ്തിക്കപ്പുറമുള്ള ഗുരുതരമായ പ്രത്യാഘാതങ്ങളാണ് രാജ്യത്തെ അടിസ്ഥാന വർഗവും പിന്നാക്കകാരുമായ വിദ്യാർത്ഥികൾ നേരിടുന്നതെന്നും പഠനത്തിൽ വ്യക്തമാക്കുന്നു.




കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ച 'ബി ദ വാരിയർ' ബോധവത്കരണ ക്യാമ്പയിനിന് ജില്ലയിൽ തുടക്കമായി.ജില്ലാ കളക്ടർ ഡോ.നവ്ജ്യോത് ഖോസ ക്യാമ്പയിനിന്റെ ലോഗോ പ്രകാശനം ചെയ്തു

# കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ചെലവായ തുക സർക്കാർ നൽകും: മുഖ്യമന്ത്രി

## സർക്കാരിന്റെ നല്ല പ്രവർത്തനങ്ങൾക്ക് പൂർണ പിന്തുണ: പ്രതിപക്ഷ നേതാവ്

തിരുവനന്തപുരം: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കോവിഡ് പ്രതിരോധവുമായി ബന്ധപെട്ട് പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങൾക്ക് ചെലവായ തുക സർക്കാർ നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്നും സർക്കാരിന്റെ നല്ല പ്രവർത്തനങ്ങൾക്ക് പൂർണ പിന്തുണ നൽകുമെന്നും പ്രതിപക്ഷ നേതാവ് വിഡി സതീശൻ പറഞ്ഞു. നവകേരളം കർമ്മ പദ്ധതി സംസ്ഥാന കർമ്മ സമിതി യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും. പ്രളയത്തിൽ ഭാഗികമായി വീടുകൾ തകർന്നവർക്ക് ലൈഫ് മാനദണ്ഡപ്രകാരം അർഹതയുണ്ടെങ്കിൽ വീട് നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

നവകേരള കർമ്മ പദ്ധതി പ്രവർത്തനങ്ങളുടെ വിശദമായ മാർഗരേഖ സെപ്റ്റംബർ 25നകം വികസിപ്പിക്കണം. നവകേരളം കർമ്മ പദ്ധതിയിലൂടെ നിലവിലുള്ള നാല് മിഷനുകൾ ജനപങ്കാളിത്തത്തോടെ കൂടുതൽ മുന്നോട്ട് കൊണ്ടുപോകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. കഴിഞ്ഞകാല നേട്ടങ്ങൾ നിലനിർത്തി പുതിയ നേട്ടങ്ങളിലേക്ക് പ്രവേശിക്കണം. നദികൾ മലിനമാകുന്നതും മാലിന്യം കെട്ടികിടക്കുന്നതും പുരോഗമന സമൂഹത്തിന് യോജിച്ചതല്ല.

സ്വന്തം വീട്ടിലെ മാലിന്യം മറ്റുള്ളവരുടെ സ്ഥലത്തേക്ക് വലിച്ചെറിയുന്ന മനോഭാവത്തിന് ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളോടെ നല്ല മാറ്റം ഉണ്ടായെങ്കിലും പൂർണമായും ഇല്ലാതാക്കാനായിട്ടില്ല. പാവങ്ങൾക്ക് വേണ്ടിയുള്ള ലൈഫ് പദ്ധതി പൂർത്തിയാക്കും. പരമ ദരിദ്ര വിഭാഗത്തിനുള്ള ഭവനസമുച്ചയത്തിൽ കുട്ടികളുടെ പഠനം, പ്രീപ്രൈമറി സംവിധാനം, കിടപ്പിലായവർക്കുള്ള ചികിത്സാസൗകര്യം ഉൾപ്പെടെയുള്ള സമഗ്ര പദ്ധതിയാണ് ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകൾ ചെയ്യേണ്ട പ്രവർത്തനങ്ങൾ വകുപ്പ് തലത്തിൽ നിർവഹിക്കണം. നവകേരള കർമ്മ പദ്ധതി സെൽ അവ ഏകോപിപ്പിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

യോഗത്തിൽ മന്ത്രിമാർ, പ്ലാനിങ് ബോർഡ് വൈസ് ചെയർമാൻ, ചീഫ് സെക്രട്ടറി, സെക്രട്ടറിമാർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, നവകേരളം കർമ്മ പദ്ധതി കോഓർഡിനേറ്റർ തുടങ്ങിയവർ സംബന്ധിച്ചു.

### മത്സ്യബന്ധന ബോട്ടുകളിൽ പരിശോധന

കോഴിക്കോട്: മത്സ്യബന്ധന ബോട്ടുകളിലെ തൊഴിലാളികളുടെ വിവരങ്ങളറിയാൻ കോസ്റ്റൽ പോലീസും മറൈൻ എൻഫോഴ്സ്മെൻറും പരിശോധന ശക്തമാക്കി. ട്രോളിംഗ് നിരോധനത്തിനു ശേഷം ചില ! തൊഴിലാളികളുടെ വിവരങ്ങളും മറ്റും റിപ്പോർട്ട് ചെയ്യാതെയാണ് കടലിൽ പോകുന്നത്. ഇത്തരം സാഹചര്യം ദേശസുരക്ഷയ്ക്കുവരെ ഭീഷണിയായി മാറുമെന്നതിനാലാണ് പരിശോധന ശക്തമാക്കിയത്. എല്ലാ ബോട്ടുകളും രജിസ്ട്രേഷൻ രേഖകൾക്കൊപ്പം അതത് ബോട്ടുകളിലെ തൊഴിലാളികളുടെ കൃത്യമായ വിവരങ്ങളും ഹാർബർ മാനേജ്മെൻറ് സൊസൈറ്റി മുഖേന ഫിഷറീസ് വകുപ്പധികൃതർക്ക് നൽകണമെന്ന് നേരത്തേ നിർദേശിച്ചിരുന്നു.

# അനിൽ ദേശ്മുഖിനെതിരെ ലുക്കൗട്ട് നോട്ടീസ്

മുംബൈ: മഹാരാഷ്ട്ര മുൻ ആഭ്യന്തരമന്ത്രി അനിൽ ദേശ്മുഖിനെതിരെ ലുക്കൗട്ട് നോട്ടീസ് ഇറക്കി എൻഫോഴ്സ് മെന്റ് ഡയറക്ടറേറ്റ് (ഇഡി). കള്ളപ്പണം വെളുപ്പിക്കൽ കേസിൽ അഞ്ച് തവണ സമൻസ് അയച്ചിട്ടും അനിൽ ദേശ്മുഖ് ചോദ്യംചെയ്യലിന് ഹാജരാകാത്തതിനെ തുടർന്നാണ് ഇഡിയുടെ പുതിയ നീക്കം.

അനധികൃത സാമ്പത്തിക ഇടപാട് നടത്തിയതിനു ശേഷം പ്രതികൾ രാജ്യം വിടാതിരിക്കാനാണ് സാധാരണ ഇഡി ലുക്കൗട്ട് നോട്ടീസ് ഇറക്കാറുള്ളത്. ദേശ്മുഖ് രാജ്യം വിടുന്നത് തടയുന്നതിനു വേണ്ടിയാണ് ലുക്കൗട്ട് നോട്ടീസ് ഇറക്കിയതെന്നും ഇഡി വൃത്തങ്ങൾ പറഞ്ഞു. ആഭ്യന്തരമന്ത്രിയായിരിക്കെ അനിൽ ദേശ്മുഖ് 4.7 കോടിയുടെ കള്ളപ്പണം വെളുപ്പിക്കൽ നടത്തിയെന്നാണ് കേസ്. മാത്രമല്ല പൊലീസ് സേനയെ ഉപയോഗിച്ച് ഡാൻസ് ബാറുകളിൽ നിന്ന് 100 കോടി പിരിച്ചെടുത്തുവെന്നും ആരോപണമുണ്ട്.

മുംബൈ പൊലീസ് മുൻ കമ്മിഷണർ പരംബീർ സിങ് ഉന്നയിച്ച അഴിമതി ആരോപണത്തിൽ ബോംബെ ഹൈക്കോടതി നിർദ്ദേശം അനുസരിച്ചാണ് കേസിൽ സിബിഐ ആന്വേഷണം ആരംഭിച്ചത്. കള്ളപ്പണ ഇടപ്പാടുകൾ കണ്ടെത്തിയതോടെ ഇഡി കേസെടുക്കുകയായായിരുന്നു. കേസിൽ ദേശ്മുഖിന്റെ രണ്ടു പ്രൈവറ്റ് സെക്രട്ടറിമാരെ ഇഡി അറസ്റ്റ് ചെയ്തിരുന്നു. നാലേകാൽ കോടി രൂപയുടെ സ്വത്തുവകകളും ഇഡി കണ്ടുകെട്ടിയിട്ടുണ്ട്. ആരോപണങ്ങളെ തുടർന്ന് ഏപ്രിലിൽ ദേശ്മുഖ് രാജിവച്ചിരുന്നു.

# തദ്ദേശ ഉപതിരഞ്ഞെടുപ്പ്: 32 തദ്ദേശ വാർഡുകളുടെ കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു

## അന്തിമ പട്ടിക 30ന്

ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ 12 ജില്ലകളിലെ 32 തദ്ദേശ വാർഡുകളിലെ കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. ഠഠഠ.ഹഴെലഹലര ശേീ.സല്യമഹമ.ഴീ.ശി ലും ബന്ധപ്പെട്ട പഞ്ചായത്ത്, നഗരസഭ, താലൂക്ക്, വില്ലേജ് ഓഫീസുകളിലും ലഭിക്കും. സെപ്റ്റംബർ 20 വരെ വോട്ടർപട്ടികയിൽ പേര് ചേർക്കാം. കരട് പട്ടിക സംബന്ധിച്ച ആക്ഷേപങ്ങളും 20 വരെ സമർപ്പിക്കാം. സെപ്റ്റംബർ 30 ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കും.

ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ അരൂർ, പാലക്കാട് ജില്ലാ പഞ്ചായത്തിലെ ശ്രീകൃഷ്ണപുരം, കോഴിക്കോട് ജില്ലാ പഞ്ചായത്തിലെ നൻമണ്ട വാർഡുകളിലും തിരുവനന്തപുരം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിലെ ഇടക്കോട്, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിലെ പോത്തൻകോട്, തൃശൂർ മതിലകം ബ്ലോക്ക് പഞ്ചായത്തിലെ അഴീക്കോട്, പാലക്കാട് കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിലെ ചുങ്കമന്ദം വാർഡുകളിലും തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ വെട്ടുകാട്, കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ ഗാന്ധി നഗർ വാർഡുകളിലും വോട്ടർ പട്ടിക പുതുക്കും.

വോട്ടർ പട്ടിക പുതുക്കുന്ന ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി വാർഡുകൾ (ജില്ല, തദ്ദേശ സ്ഥാപനം, വാർഡ് എന്ന ക്രമത്തിൽ)

തിരുവനന്തപുരംവിതുരപൊന്നാംചുണ്ട്, കൊല്ലംചിതറസത്യമംഗലം, കൊല്ലം തേവലക്കരനടുവിലക്കര, കോട്ടയംകാണക്കാരികളരിപ്പടി, കോട്ടയംമാത്തൂർമാത്തൂർ സെൻട്രൽ, ഇടുക്കി രാജക്കാട്കുരിശുംപടി, ഇടുക്കി ഇടമലക്കുടിവടക്കേഇടലി പാറക്കുടി, തൃശൂർകടപ്പുറംലൈറ്റ് ഹൗസ്, പാലക്കാട്തരൂർതോട്ടുവിള, പാലക്കാട് എരുത്തേമ്പതിമൂങ്കിൽമട, പാലക്കാട്എരുമയൂർഅരിയക്കോട്, പാലക്കാട്ഓങ്ങല്ലൂർ കർക്കിടകച്ചാൽ, മലപ്പുറം ഊർങ്ങാട്ടിരിവേഴക്കോട്, മലപ്പുറംമക്കരപ്പറമ്പ്കാച്ചിനിക്കാട്, കോഴിക്കോട്കുടരഞ്ഞികുമ്പാറ, കോഴിക്കോട് ഉണ്ണിക്കുളം വള്ളിയോത്ത്, കണ്ണൂർ എരുവേശികൊക്കമുള്ള് എന്നീ ഗ്രാമപഞ്ചായത്തു വാർഡുകളിലും എറണാകുളം പിറവംഇടപ്പിള്ളിച്ചിറ, തൃശൂർഇരിങ്ങാലക്കുടചാലാംപാടം, കാസർഗോഡ് കാഞ്ഞങ്ങാട്ഒഴിഞ്ഞവളപ്പ് എന്നീ മുനിസിപ്പാലിറ്റി വാർഡുകളിലും ഉപതിരഞ്ഞെടുപ്പിനായി വോട്ടർപ്പട്ടിക പുതുക്കും.

### പ്രൊപ്പോസൽ ക്ഷണിച്ചു

സംസ്ഥാന പട്ടികവർഗ വികസന വകുപ്പിന് കീഴിൽ പട്ടികവർഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരവും സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് 2020 21 സാമ്പത്തിക വർഷത്തിൽ കണ്ണൂർ ആറളം പ്രീമെട്രിക് ഹോസ്റ്റലിൽ ഫർണിച്ചർ വാങ്ങുന്നതിന് മൂന്ന് വർഷത്തെ പ്രവൃത്തി പരിചയമുള്ള ഗവ.അക്രഡിറ്റഡ് സ്ഥാപനങ്ങളിൽ നിന്ന് പ്രൊപ്പോസൽ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക്: 0471 2303229, 0471 2304594.

# മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പിന്റെ ഉന്നതതല യോഗം ചേർന്നു

## സ്റ്റേറ്റ് നിപ കൺട്രോൾ സെൽ ആരംഭിച്ചു
## ആരോഗ്യ പ്രവർത്തകർക്ക് വിദഗ്ധ പരിശീലനം നൽകി



തിരുവനന്തപുരം: സംസ്ഥാനത്തെ കോവിഡ്, നിപ സാഹചര്യം വിലയിരുത്തുന്നതിന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പിന്റെ ഉന്നതതല യോഗം ഓൺലൈൻ വഴി ചേർന്നു. മറ്റ് ജില്ലകളിൽ കൂടി നിപ വൈറസ് പ്രതിരോധം ശക്തമാക്കാൻ സ്റ്റേറ്റ് നിപ കൺട്രോൾ സെൽ ആരംഭിച്ചു. തുടർച്ചയായ ദിവസങ്ങളിൽ ആരോഗ്യ വകുപ്പിന്റെ യോഗം ചേർന്ന് സ്ഥിതി വിലയിരുത്തുന്നതാണ്. മറ്റ് ജില്ലകൾക്കും മാർഗനിർദേശങ്ങളും പരിശീലനങ്ങളും നൽകാനും തീരുമാനിച്ചതായും മന്ത്രി വ്യക്തമാക്കി.

ആരോഗ്യ വകുപ്പിന്റെ ഉന്നതതല യോഗത്തിൽ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെ, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. രത്തൻ ഖേൽക്കർ, കെ.എം.എസ്.സി.എൽ. എം.ഡി. ബാലമുരളി ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. എ. റംലാ ബീവി, ആരോഗ്യ വകുപ്പ് ഡയറക്ടർ ഇൻ ചാർജ് ഡോ. മീനാക്ഷി, അഡീഷണൽ ഡയറക്ടർമാർ, ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവർ പങ്കെടുത്തു. കോഴിക്കോട് ജില്ലയിലെ എല്ലാ ആശുപത്രികളിലേയും മെഡിക്കൽ ഓഫീസർമാർക്ക് വിദഗ്ധ പരിശീലനം നൽകി. രോഗി വരുമ്പോൾ മുതൽ ചികിത്സ ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളിലും നിർദേശങ്ങൾ നൽകി. അസ്വാഭാവികമായ പനിയും മരണവും റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആരോഗ്യ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. വിദ്യ, കോഴിക്കോട് മെഡിക്കൽ കോളേജ് എമർജൻസി മെഡിസിൻ പ്രൊഫസർ ഡോ. ചാന്ദിനി എന്നിവരാണ് പരിശീലനം നൽകിയത്. ഉച്ചയ്ക്ക് ശേഷം ജെ.എച്ച്.ഐ, ജെ.പി.എച്ച്.എൻ., ആശാ വർക്കർമാർ, സി.ഡി.പി.ഒ., അങ്കണവാടി സൂപ്പർവൈസർമാർ എന്നിവരുടെ പരിശീലനവും നടന്നു. മന്ത്രിമാരായ വീണാ ജോർജ്, എ.കെ. ശശീന്ദ്രൻ, പി.എ. മുഹമ്മദ് റിയാസ് എന്നിവരുടെ നേതൃത്വത്തിൽ കോഴിക്കോട് ജില്ലയിലെ പഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗം ചേർന്നു. ആരോഗ്യ വകുപ്പിന്റെ മാർഗനിർദേശങ്ങൾ അവർക്ക് കൈമാറി. അവ കൃത്യമായി പാലിക്കാനും ജാഗ്രത പാലിക്കാനും ബോധവത്ക്കരണം ശക്തമാക്കാനും നിർദേശം നൽകി.

# മിഷനുകൾ ജനപങ്കാളിത്തത്തോടുകൂടി മുന്നോട്ടുകൊണ്ട് പോകും: മുഖ്യമന്ത്രി

നവകേരളം കർമ്മ പദ്ധതിയിലൂടെ നിലവിലുള്ള നാല് മിഷനുകൾ ജനപങ്കാളിത്തത്തോടെ കൂടുതൽ മുന്നോട്ട് കൊണ്ടുപോകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കഴിഞ്ഞകാല നേട്ടങ്ങൾ നിലനിർത്തി പുതിയ നേട്ടങ്ങളിലേക്ക് പ്രവേശിക്കണം. നവകേരളം കർമ്മ പദ്ധതി സംസ്ഥാന കർമ്മ സമിതിയോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ ദേശീയശ്രദ്ധ പിടിച്ച്പറ്റാൻ നമുക്കായി. ഇനിയും ഒട്ടേറെ കാര്യങ്ങൾ ചെയ്യാനുണ്ട്. ഓരോ മേഖലയിലും ഉണ്ടായ നേട്ടങ്ങളെ കാലാനുസൃതമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. കഴിയുന്നത്ര അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കണം. സമൂഹത്തിൽ ഏതെങ്കിലും മേഖല പുറകോട്ട് പോയാൽ അത് നവകേരള സൃഷ്ടി എന്ന ആശയത്തെ പ്രതികൂലമായി ബാധിക്കും. നദികൾ മലിനമാകുന്നതും മാലിന്യം കെട്ടികിടക്കുന്നതും പുരോഗമന സമൂഹത്തിന് യോജിച്ചതല്ല. സ്വന്തം വീട്ടിലെ മാലിന്യം മറ്റുള്ളവരുടെ സ്ഥലത്തേക്ക് വലിച്ചെറിയുന്ന മനോഭാവത്തിന് ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളോടെ നല്ല മാറ്റം ഉണ്ടായെങ്കിലും പൂർണ്ണമായും ഇല്ലാതാക്കാനായിട്ടില്ല. വീട് സ്വപ്നം കണ്ട് മണ്ണടിയുന്ന പാവങ്ങൾക്ക് വേണ്ടിയുള്ള ലൈഫ് പദ്ധതി പൂർത്തിയാക്കും. പരമ ദരിദ്ര വിഭാഗത്തിനുള്ള ഭവനസമുച്ചയത്തിൽ കുട്ടികളുടെ പഠനം, പ്രീപ്രൈമറി സംവിധാനം, കിടപ്പിലായവർക്കുള്ള ചികിത്സാസൗകര്യം ഉൾപ്പെടെയുള്ള സമഗ്ര പദ്ധതിയാണ് ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകൾ ചെയ്യേണ്ട പ്രവർത്തനങ്ങൾ വകുപ്പ് തലത്തിൽ നിർവഹിക്കണം. നവകേരള കർമ്മ പദ്ധതി സെൽ അവ ഏകോപിപ്പിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കോവിഡ് പ്രതിരോധവുമായി ബന്ധപെട്ട് പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങൾക്ക് ചെലവായ തുക സർക്കാർ നൽകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. പ്രളയത്തിൽ ഭാഗികമായി വീടുകൾ തകർന്നവർക്ക് ലൈഫ് മാനദണ്ഡപ്രകാരം അർഹതയുണ്ടെങ്കിൽ വീട് നൽകും. നവകേരള കർമ്മ പദ്ധതി പ്രവർത്തനങ്ങളുടെ വിശദമായ മാർഗരേഖ സെപ്തംബർ 25നകം വികസിപ്പിക്കണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു. വികസന പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിക്കണമെന്നും സർക്കാരിന്റെ നല്ല പ്രവർത്തനങ്ങൾക്ക് പൂർണ്ണ പിന്തുണ നൽകുമെന്നും പ്രതിപക്ഷ നേതാവ് വിഡി സതീശൻ പറഞ്ഞു. യോഗത്തിൽ മന്ത്രിമാർ, പ്ലാനിങ് ബോർഡ് വൈസ് ചെയർമാൻ, ചീഫ് സെക്രട്ടറി, സെക്രട്ടറിമാർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, നവകേരളം കർമ്മ പദ്ധതി കോഓർഡിനേറ്റർ തുടങ്ങിയവർ സംബന്ധിച്ചു.

# ഗദ്ദാഫിയുടെ മകന് ജയിൽ മോചനം

ട്രിപ്പോളി: 2011ലെ പ്രക്ഷോഭത്തിനിടെ പുറത്താക്കപ്പെടുകയും തുടർന്ന് കൊല്ലപ്പെടുകയും ചെയ്ത മുൻ നേതാവ് മുവമ്മർ ഗദ്ദാഫിയുടെ മകൻ സാദി ഗദ്ദാഫിയെ വിട്ടയച്ചതായി ലിബിയൻ അധികൃതർ അറിയിച്ചു.

കുറ്റവിമോചിതൻ ആക്കിക്കൊണ്ടുള്ള കോടതി ഉത്തരവ് അനുസരിച്ച് സാദിയെ മോചിപ്പിച്ചുവെന്നും 48കാരനായ സാദി ഇസ്താംബൂളിലേക്ക് പറന്നതായും റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു. 2011 ലെ പ്രക്ഷോഭത്തിനിടെ സാദി ഗദ്ദാഫി നൈജറിലേക്ക് പലായനം ചെയ്തെങ്കിലും 2014ൽ ലിബിയയിലേക്ക് തിരിച്ചയക്കുകയായിരുന്നു. തുടർന്ന് ട്രിപ്പോളിയിൽ തടവിലായി.

2011ൽ പ്രതിഷേധക്കാർക്കെതിരേ ചെയ്ത കുറ്റകൃത്യങ്ങൾക്കും 2005ലെ ലിബിയൻ ഫുട്ബോൾ പരിശീലകൻ ബഷീർ അൽ റയാനിയുടെ കൊലപാതകത്തിലും മുൻ പ്രഫഷണൽ ഫുട്ബോളറായ സാദിക്ക് പങ്കുണ്ടെന്ന് ആരോപിക്കപ്പെട്ടു.

2018 ഏപ്രിലിൽ അൽ റയാനിയുടെ കൊലപാതക കേസിൽ ഇദ്ദേഹത്തെ കുറ്റവിമുക്തനാക്കി കോടതി ഉത്തരവിട്ടിരുന്നു. പ്രക്ഷോഭം ആരംഭിച്ചിനു ശേഷം പത്തു വർഷമായി ലിബിയയിൽ അരാജകത്വവും ഭരണ പ്രതിസന്ധിയും അനുഭവിക്കുകയാണ്. മുവമ്മർ ഗദ്ദാഫിയെ കൂടാതെ അദ്ദേഹത്തിന്റെ ഏഴ് ആൺമക്കളിൽ മൂന്ന് പേരും പ്രക്ഷോഭത്തിനിടെ കൊല്ലപ്പെട്ടിരുന്നു.

സാദി ഗദ്ദാഫിയുടെ സഹോദരൻ സയിഫ് അൽ ഇസ്ലാം ഗദ്ദാഫി ഡിസംബറിൽ നടക്കുന്ന പ്രസിഡ!ന്റ് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ തയ്യാറെടുക്കുന്നതായി ന്യൂയോർക്ക് ടൈംസ് ജൂലൈയിൽ റിപ്പോർട്ട് ചെയ്തിരുന്നു.

# പഞ്ച്ശീർ പിടിച്ചെടുത്തെന്ന് താലിബാൻ



കാബൂൾ: പൊരുതിനിന്ന പഞ്ച്ശീർ പ്രവിശ്യയും താലിബാൻ ഭീകരർക്കു മുന്നിൽ വീണു. ഇതോടെ അഫ്ഗാനിസ്ഥാനിൽ താലിബാനു സന്പൂർണാധിപത്യമായി. ഓഗസ്റ്റ് 15ന് അഫ്ഗാൻ താലിബാൻറെ നിയന്ത്രണത്തിലായെങ്കിലും വടക്കൻ പ്രവിശ്യയായ പഞ്ച്ശീർ വീറോടെ ചെറുത്തുനിൽക്കുകയായിരുന്നു.

അഫ്ഗാനിൽ അധികാരം പിടിച്ചെടുത്ത് മൂന്നാഴ്ച പിന്നിടുമ്പോഴും പുതിയ സർക്കാരിനെ പ്രഖ്യാപിക്കാൻ താലിബാന് കഴിയാത്തത് ഉൾപ്പോരിനെ തുടർന്നെന്ന് റിപ്പോർട്ട്.

സർക്കാർ രൂപീകരണം ഉടൻ ഉണ്ടാകുമെന്ന് സ്ഥിരീകരിക്കുമ്പോഴും ഭരണത്തലവൻ ആരായിരിക്കും എന്നത് സംബന്ധിച്ച് താലിബാനുള്ളിൽ തർക്കം നിലനിൽക്കുകയാണ്. മുല്ല അബ്ദുൾ ഗനി ബറാദർ രാജ്യം ഭരിക്കുമെന്നാണ് തുടക്കം മുതൽ അവകാശപ്പെട്ടിരുന്നത്. എന്നാൽ അധികാരത്തർക്കത്തെ തുടർന്നുണ്ടായ വെടിവയ്പിൽ ബറാദർക്ക് പരിക്കേറ്റതായും റിപ്പോർട്ടുകളുണ്ട്. താലിബാനുമായി അടുപ്പം പുലർത്തുന്ന ഹഖാനി നെറ്റ്‌വർക്ക് നേതൃത്വവും മുല്ല ബറാദർ സഖ്യവും തമ്മിലാണ് തർക്കം നിലനിൽക്കുന്നത്. അതേസമയം താലിബാന്റെ പരമോന്നത നേതാവായി കരുതപ്പെടുന്ന ഹിബത്തുള്ള അഖുന്ദ്സാദ താലിബാന്റെ ലീഡർഷിപ്പ് കൗൺസിൽ മേധാവിയായ മുല്ല മുഹമ്മദ് ഹസ്സൻ അഖുന്ദിനെ ഭരണത്തലവനായി നിർദ്ദേശിച്ചതായും റിപ്പോർട്ടുകൾ പുറത്തുവരുന്നുണ്ട്.

സർക്കാർ സംവിധാനത്തിൽ ന്യൂനപക്ഷ വിഭാഗങ്ങളിൽനിന്നുള്ളവരെ കൂടി ഉൾപ്പെടുത്തണമെന്ന് ബറാദർ സഖ്യം വാദിക്കുമ്പോൾ ഹഖാനിനെ നിയന്ത്രിക്കുന്ന താലിബാൻ ഉപനേതാവ് സിറാജുദ്ദീൻ പറയുന്നത് അധികാരം പങ്കുവയ്ക്കാൻ കഴിയില്ലെന്നാണെന്നാണ്.

പാകിസ്ഥാൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന താലിബാനുമായി ബന്ധമുള്ള ഭീകരസംഘടനയാണ് ഹഖാനി. താലിബാൻ സർക്കാരിൽ ഹഖാനിക്ക് കാര്യമായ സ്ഥാനമുണ്ടാകുമെന്ന് നേരത്തേ റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു. പൂർണമായി താലിബാൻ സർക്കാർ വേണമെന്നാണ് ഹഖാനി നെറ്റ്‌വർക്കിന്റെ ആവശ്യം.

ബറാദറും ഹഖാനിയും തമ്മിലുള്ള പ്രശ്നം പരിഹരിക്കുന്നതിനായി പാകിസ്ഥാൻ ഇന്റലിജൻസ് മേധാവി ഫൈസ് ഹമീദ് കാബൂൾ സന്ദർശിച്ചതായും അഫ്ഗാൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. താലിബാന്റെ സർക്കാർ പ്രഖ്യാപനം വൈകുന്നതിനാൽ അതു സംബന്ധിച്ച് ചർച്ച നടത്താനാണ് ഫൈസ് ഹമീദ് എത്തിയതെന്നാണ് വിവരം. ആശങ്കപ്പെടാനില്ല, സർക്കാർ പ്രഖ്യാപനം ഉടനുണ്ടാകുമെന്നാണ് കാബൂൾ സന്ദർശനത്തെ കുറിച്ച് ഫൈസ് ഹമീദ് പറഞ്ഞത്.

ആയിരക്കണക്കിനു താലിബാൻകാർ ഞായറാഴ്ച രാത്രിയോടെ പഞ്ച്ശീറിലെ എട്ടു ജില്ലകളിലും കടന്നുകയറി ആധിപത്യം സ്ഥാപിച്ചുവെന്ന് വിവിധ വാർത്താ ഏജൻസികൾ റിപ്പോർട്ട് ചെയ്തു. പഞ്ച്ശീർ തങ്ങളുടെ അധീനതയിലാണെന്നും പഞ്ച്ശീറിലെ ജനങ്ങളോടു യാതൊരു വിവേചനവും കാണിക്കില്ലെന്നും താലിബാൻ വക്താവ് സബിയുള്ള മുജാഹിദ് പറഞ്ഞു.

മുൻ അഫ്ഗാൻ വൈസ് പ്രസിഡൻറ് അമറുള്ള സാലെയും മുൻ അഫ്ഗാൻ യുദ്ധവീരൻ അഹമ്മദ് ഷാ മസൂദിൻറെ മകൻ അഹമ്മദ് മസൂദുമാണു പഞ്ച്ശീറിൽ താലിബാനെ ചെറുത്തുനിന്നത്. അഫ്ഗാൻറെ കെയർടേക്കർ പ്രസിഡൻറായി പ്രഖ്യാപനം നടത്തിയ അമറുള്ള സാലെ താജിക്കിസ്ഥാനിലേക്കു രക്ഷപ്പെട്ടതായി അൽ ജസീറ റിപ്പോർട്ട് ചെയ്തു. അഹമ്മദ് മസൂദിനെക്കുറിച്ച് വിവരമില്ല.

കാബൂളിൽനിന്ന് 145 കിലോമീറ്റർ അകലെയാണു പഞ്ച്ശീർ താഴ്‌വര. ഈ പ്രദേശത്തിൻറെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ കാരണം താലിബാനു കടന്നുകയറാൻ കഴിയില്ലെന്ന വിലയിരുത്തലിലായിരുന്നു വിദഗ്ധർ. ഹിന്ദുകുഷ് പർവതനിരകളോടു ചേർന്നുകിടക്കുന്ന പഞ്ച്ശീർ താഴ്‌വരയിലേക്ക് ഇടുങ്ങിയ ഒരു പ്രവേശനകവാടം മാത്രമാണുള്ളത്. അഹമ്മ് ഷാ മസൂദിൻറെ നേതൃത്വത്തിലുള്ള പ്രാദേശിക സൈന്യം 1980കളിൽ, അന്നു വൻശക്തിയായിരുന്ന സോവ്യറ്റ് യൂണിയൻറെ സൈന്യത്തെയും ഒരു പതിറ്റാണ്ടിനുശേഷം താലിബാൻ ഭീകരരെയും ശക്തമായി പ്രതിരോധിച്ചുനിന്നു. 1996 മുതൽ 2001 വരെ അഫ്ഗാനിസ്ഥാൻ ഭരിച്ച താലിബാനു മസൂദിൻറെ സൈന്യത്തെ കീഴടക്കാനായില്ല. 9/11 ഭീകരാക്രമണത്തിന് ഏതാനും ദിവസം മുന്പാണ് അഹമ്മ് ഷാ മസൂദ്(48) കൊല്ലപ്പെട്ടത്.

താലിബാൻ ആക്രമണം നിർത്തിയാൽ ആയുധം വച്ചു കീഴടങ്ങാൻ തയാറാണെന്ന് അഹമ്മദ് മസൂദ് ഞായറാഴ്ച പ്രസ്താവിച്ചിരുന്നു. എന്നാൽ, ഞായറാഴ്ച അർധരാത്രിയോടെ ഡസൻകണക്കിനു വാഹനങ്ങളിൽ താലിബാൻ ഭീകരർ പഞ്ച്ശീറിലേക്കു കടന്നുകയറി. താലിബാൻവിരുദ്ധ ഗ്രൂപ്പിൻറെ വക്താവായ ഫാഹിം ദാഷ്തി ഞായറാഴ്ച നടന്ന യുദ്ധത്തിൽ കൊല്ലപ്പെട്ടതായി സ്ഥിരീകരിച്ചു. മുൻ സർക്കാരുകളുടെ കാലത്തെ പ്രമുഖ മാധ്യമപ്രവർത്തകനും താലിബാൻവിരുദ്ധ ഗ്രൂപ്പിൻറെ ശബ്ദവുമായിരുന്നു ദാഷ്തി. മുൻ സർക്കാരുകളിൽ സുപ്രധാന പദവി വഹിക്കുകയും താലിബാനുമായി അനുരഞ്ജന ചർച്ചകൾക്കു നേതൃത്വം നല്കുകയും ചെയ്തിരുന്ന അബ്ദുള്ള അബ്ദുള്ളയുടെ അനന്തരവനാണു ദാഷ്തി.

അഫ്ഗാനിസ്ഥാൻറെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടാൻ പാക്കിസ്ഥാൻ ഉൾപ്പെടെ ഒരു രാജ്യത്തെയും അനുവദിക്കില്ലെന്ന് താലിബാൻ വക്താവ് സബിയുള്ള മുജാഹിജ് പറഞ്ഞു. പാക് ചാരസംഘടനയായ ഐഎസ്ഐയുടെ തലവൻ ലഫ്. ജനറൽ ഫായിസ് ഹമീദും താലിബാൻ നേതാവ് അബ്ദുൾ ഗനി ബരാദാറും കാബൂളിൽ കൂടിക്കാഴ്ച നടത്തിയെന്നു മുജാഹിദ് സ്ഥിരീകരിച്ചു.

# കൊച്ചി കപ്പൽശാലയ്ക്കു വീണ്ടും ബോംബ് ഭീഷണി

കൊച്ചി: കൊച്ചി കപ്പൽശാലയും നിർമാണത്തിലിരിക്കുന്ന വിമാനവാഹിനി കപ്പലായ ഐഎൻഎസ് വിക്രാന്തും ബോംബു വച്ച് തകർക്കുമെന്നു വീണ്ടും ഭീഷണി. കഴിഞ്ഞ മാസം 24ന് കപ്പൽശാലയിലെ അഞ്ച് ഉദ്യോഗസ്ഥരുടെ ഇമെയിലിലേക്കാണ് ആദ്യ സന്ദേശമെത്തിയത്. ഇതേത്തുടർന്നു പരിശോധനയും നിരീക്ഷണവും നടത്തിവരുന്നതിനിടെയാണ് കഴിഞ്ഞ ദിവസം പോലീസ് ഇൻറലിജൻറ്സിന് വീണ്ടും ഭീഷണിസന്ദേശമെത്തിയത്.

വ്യാജ ഐഡിയിൽനിന്നു വന്ന ഭീഷണി ഇംഗ്ലീഷിലാണ്. കൂടുതൽ വിശദാംശങ്ങൾ പുറത്തുവിട്ടിട്ടില്ല. വ്യാജ സന്ദേശമാണെന്നാണു പ്രാഥമിക വിലയിരുത്തലെങ്കിലും കപ്പൽശാല അധികൃതർ നൽകിയ പരാതിയിൽ എറണാകുളം സൗത്ത് പോലീസ് ഐടി ആക്ട് പ്രകാരം കേസെടുത്തു. സൈബർ ഡോമും സൈബർ സെല്ലും അന്വേഷണം തുടങ്ങി. ഐപി വിലാസം കണ്ടെത്തി പിന്നിൽ ആരെന്നു കണ്ടെത്താനാണു ശ്രമം. ഹാക്കിംഗ് സാധ്യതയും അധികൃതർ തള്ളിക്കളഞ്ഞിട്ടില്ല. കേന്ദ്ര ഏജൻസികളും പ്രാഥമിക അന്വേഷണം ആരംഭിച്ചിട്ടുണ്ട്. പിന്നിൽ ഭീകര ബന്ധമുണ്ടോ എന്നതടക്കം അന്വേഷണ പരിധിയിലുണ്ട്. സുരക്ഷ കൂടുതൽ ശക്തമാക്കി.

രണ്ടു മാസം മുമ്പ് വ്യാജ രേഖകൾ ഉപയോഗിച്ച് കപ്പൽശാലയിൽ ജോലി ചെയ്തിരുന്ന അഫ്ഗാൻ പൗരനെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. ഭീകരബന്ധം സ്ഥിരീകരിക്കാനായില്ലെങ്കിലും ഇയാൾ പാക്കിസ്ഥാനിൽ ജോലി ചെയ്തതായി കണ്ടെത്തിയിരുന്നു. 2019 ൽ ഐഎൻഎസ് വിക്രാന്തിൻറെ പത്തിലധികം കംപ്യൂട്ടർ ഹാർഡ് ഡിസ്ക് മോഷണം പോയിരുന്നു. ഐഎൻഎസ് വിക്രാന്ത് നിലവിൽ സീ ട്രയൽസിൻറെ ഘട്ടത്തിലെത്തിനിൽക്കുകയാണ്.

# ഐഎഎസ് അഴിച്ചുപണി; 15 പേർക്കു മാറ്റം

തിരുവനന്തപുരം: സംസ്ഥാനത്ത് ഐഎഎസ് തലത്തിൽ വൻ അഴിച്ചുപണി. ജില്ലാ കളക്ടർമാർ അടക്കം 15 ഐഎഎസ് ഉദ്യോഗസ്ഥരെ സ്ഥലംമാറ്റി സർക്കാർ ഉത്തരവിറക്കി. കൊല്ലം ജില്ലാ കളക്ടറായി അഫ്സാന പർവീണിനെ നിയമിച്ചു. പ്രവേശനപരീക്ഷാ കമ്മീഷണറായിരുന്ന എ. ഗീതയെ വയനാട് ജില്ലാ കളക്ടറായി മാറ്റി നിയമിച്ചു.

എംപ്ലോയ്മെൻറ് ആൻഡ് ട്രെയിനിംഗ് ഡയറക്ടറായ വി.ആർ. പ്രേംകുമാറിനെ മലപ്പുറം കളക്ടറാക്കി. എസ്. ചന്ദ്രശേഖരനാണ് കണ്ണൂർ കളക്ടർ. കേരള സ്റ്റേറ്റ് ഐടി മിഷൻ ഡയറക്ടറാണ് ചന്ദ്രശേഖർ. കണ്ണൂർ കളക്ടറായിരുന്ന ടി.വി. സുഭാഷിനെ കൃഷി ഡയറക്ടറായി നിയമിച്ചു. 2014 ബാച്ച് ഐഎഎസുകാരെയാണ് വിവിധ ജില്ലകളിൽ കളക്ടർമാരായി നിയമിച്ചത്.

ടി.വി. അനുപമയ്ക്കാണു പ്രവേശനപരീക്ഷാ കമ്മീഷണറുടെ അധികച്ചുമതല നൽകിയത്. സ്ത്രീകളുടെയും കുട്ടികളുടെയും വികസന വകുപ്പിൻറെ ചുമതല വഹിച്ച അനുപമയെ പട്ടികവർഗ വികസന വകുപ്പ് ഡയറക്ടറായി മാറ്റി നിയമിച്ചു. മുഹമ്മദ് വൈ. സഫറുള്ളയെ ജിഎസ്ടി വകുപ്പിൻറെ സ്പെഷൽ കമ്മീഷണറാക്കി.

സർവേ ഡയറക്ടർ ശ്രീറാം സാംബശിവ റാവുവിനു കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് ഡയറക്ടറുടെയും കേരള റോഡ് ഫണ്ട് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫിസറുടെയും കെ എസ് ഐടിഐഎൽ മാനേജിംഗ് ഡയറക്ടറുടെയും അധിക ചുമതല നൽകി.

വയനാട് കളക്ടറായിരുന്ന അദീല അബ്ദുള്ളയെ ജെൻഡർ പാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും സ്റ്റേറ്റ് ലോട്ടറി ഡയറക്ടറായും മാറ്റി നിയമിച്ചു. എസ്. ഷാനവാസിനെ കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് സിഇഒയായി നിയമിച്ചു. വൈറ്റില മൊബിലിറ്റി ഹബ് സൊസൈറ്റി, കൊച്ചി മെട്രോ പൊളിറ്റൻ ട്രാൻസ്പോർട്ട് അഥോറിറ്റി എംഡിയുടെ അധിക ചുമതല നൽകും.

കൊല്ലം കളക്ടറായിരുന്ന അബ്ദുൾ നാസറിനെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ മിഷൻ ഡയറക്ടറാക്കി. സിപിഎംയു ഡയറക്ടറുടെ ചുമതലയും വഹിക്കും. സിവിൽ സപ്ലൈസ് ഡയറക്ടർ ഡോ. ഡി. സജീത് ബാബുവിന് ദുരന്ത നിവാരണ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ അധികച്ചുമതല നൽകി.

കെ. ഗോപാലകൃഷ്ണനെ എംപ്ലോയ്മെൻറ് ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായി മാറ്റി നിയമിച്ചു. കേരള അക്കാദമി ഓഫ് സ്കിൽസ് എക്സലൻസ് ഡയറക്ടറുടെ അധിക ചുമതലയും വഹിക്കും.

ഹൗസിംഗ് കമ്മീഷണർ എൻ. ദേവിദാസിനു പിന്നാക്കക്ഷേമ ഡയറക്ടറുടെ പൂർണ അധിക ചുമതല നൽകി. സ്നേഹിൽകുമാർ സിംഗാണ് പുതിയ ഐടി മിഷൻ ഡയറക്ടർ. ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷനൽ ടെക്നോളജി വകുപ്പു ഡെപ്യൂട്ടി സെക്രട്ടറി, സി ഡിറ്റ് ഡയറക്ടർ എന്നീ ചുമതലകളും അദ്ദേഹം വഹിക്കും.

# കോവിഡ്: അന്താരാഷ്ട്ര കോൺഫറൻസ് ഒൻപത് മുതൽ

കൊച്ചി: കേരള ഫിഷറീസ് സർവകലാശാലയും മാള ഹോളിഗ്രേഡ് അക്കാഡമി ഓഫ് മാനേജ്മെന്റ് എഡ്യൂക്കേഷൻസും സംയുക്തമായി 9,10, 11 തീയതികളിൽ കോവിഡ് മഹാമാരി ലോക സമ്പദ്‌വ്യവസ്ഥയിലും ആരോഗ്യ, വിദ്യാഭ്യാസ, സാങ്കേതിക വിദ്യാരംഗങ്ങളിലും വരുത്തിയ മാറ്റങ്ങളെക്കുറിച്ച് അന്താരാഷ്ട്ര കോൺഫറൻസ് വെർച്വലായി സംഘടിപ്പിക്കുമെന്ന് അക്കാഡമി ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

9 ന് രാവിലെ 10. 30ന് ഉന്നത വിദ്യഭ്യാസ മന്ത്രി ഡോ ആർ ബിന്ദു ഉദ്ഘാടനം ചെയ്യും. ഫിഷറീസ് സർവകലാശാല വൈസ് ചാൻസലർ ഡോ റെജി ജോൺ അധ്യക്ഷത വഹിക്കും. ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ സജി ഗോപിനാഥ് മുഖ്യപ്രഭാഷണം നടത്തും. മൂന്ന് ദിവസങ്ങളിലായി 5 വേദികളിൽ സമാന്തരമായി നടക്കുന്ന കോൺഫറൻസിൽ തെരഞ്ഞെടുക്കപ്പെട്ട 114 പ്രബന്ധങ്ങൾ അവതരിപ്പിക്കും. രാജ്യത്തിനകത്തും വിദേശത്തുമുള്ള ഗവേഷകർ, വിദഗ്ധർ, ഗവേഷക വിദ്യാർത്ഥികൾ, സർവകലാശാലകളിലെ പഠന വിഭാഗങ്ങൾ എന്നിവരാണ് പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നത്. പ്രബന്ധങ്ങൾ പിന്നീട് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കും. കൂടാതെ വിവിധ ഗവേഷണ ജേർണലുകളിൽ പ്രസിദ്ധപ്പെടുത്തുമെന്നും വലിയ കോൺഫറൻസുകൾ നടത്തിയിട്ടുള്ള എബൈന്റോസ് എന്ന ഏജൻസിയുടെ വെർച്വൽ പ്ലാറ്റ് ഫോമിലാണ് കോൺഫറൻസ് സംഘടിപ്പിക്കുന്നതെന്നും ഭാരവാഹികൾ വ്യക്തമാക്കി.

# ഗിനിയയിൽ പട്ടാള അട്ടിമറി

സിറ ലിയോൺ: പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യമായ ഗിനിയയിൽ അട്ടിമറിയിലൂടെ സൈന്യം ഭരണം പിടിച്ചെടുത്തു. പ്രസിഡന്റിന്റെ ഔദ്യോഗിക വസതി ആക്രമിച്ച് പ്രസിഡന്റ് ആൽഫ കോണ്ടെയെ തടവിലാക്കിയിരിക്കുന്നതായാണ് റിപ്പോർട്ടുകൾ.

അതേസമയം, ഗിനിയയിലെ സ്ഥിതിഗതികൾ വ്യക്തിപരമായി നിരീക്ഷിക്കുകയാണെന്നും പ്രസിഡന്റിനെ മോചിപ്പിക്കണമെന്നും യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ് ട്വീറ്റ് ചെയ്തു. ആക്രമണത്തിലൂടെ ഭരണം പിടിച്ചെടുത്തതിനെ ശക്തമായി അപലപിക്കുന്നതായും ഗുട്ടറസിന്റെ ട്വീറ്റിൽ പറയുന്നു. അധികാരം പിടിച്ചെടുത്തതിൽ അമേരിക്കയും അപലപിച്ചു. ആക്രമണം നിർത്തിവച്ച് എല്ലാ പാർട്ടികളും ചർച്ചയ്ക്ക് തയ്യാറാകണമെന്നും അമേരിക്ക ആവശ്യപ്പെട്ടു.

ധാതുസമ്പുഷ്ടമായ രാജ്യങ്ങളിൽ പ്രധാനപ്പെട്ടതാണ് ഗിനിയയെങ്കിൽ 130 ലക്ഷം ജനങ്ങളിൽ പകുതിയും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. അലൂമിനിയം നിർമ്മാണത്തിന് ഉപയോഗിക്കുന്ന ബോക്സൈറ്റ്, ഇരുമ്പ്, സ്വർണം, എണ്ണ തുടങ്ങിയവയാണ് ഗിനിയയിലെ ധാതുസമ്പത്തുകൾ. കൃഷിയാണ് പ്രധാന തൊഴിൽ മേഖല. ഏറ്റവും കൂടുതൽ അഴിമതി നടക്കുന്ന രാജ്യങ്ങളിൽ ഒന്നാണ് ഗിനിയ. 180 രാജ്യങ്ങളിൽ 137ാം സ്ഥാനമാണ് ഗിനിയയ്ക്കുള്ളത്. നിരവധിപ്പേർക്ക് വൈദ്യുതിയും ശുദ്ധജലവും കിട്ടാനുള്ള മാർഗമില്ല. യുണിസെഫിന്റെ കണക്ക് പ്രകാരം മേഖലയിലെ 97 ശതമാനം സ്ത്രീകളും പെൺകുട്ടികളും ചേലാകർമ്മത്തിന് വിധേയരാകുന്നുവെന്നാണ് യുണിസെഫിന്റെ കണക്കുകൾ സർക്കാർ പിരിച്ചുവിട്ടതായി അട്ടിമറിക്ക് നേത!ൃത്വം നൽകിയ മമഡി ഡൗംബൗയ അറിയിച്ചു. രാജ്യവ്യാപകമായി അടിയന്തരാവസ്ഥയും പ്രഖ്യാപിച്ചു.

# ആന്ധ്രാപ്രദേശിൽ അഞ്ച് ഐഎഎസ് ഉദ്യോഗസ്ഥർക്ക് തടവുശിക്ഷ

അമരാവതി: ആന്ധ്രാപ്രദേശിൽ അഞ്ച് ഐഎഎസ് ഉദ്യോഗസ്ഥർക്ക് തടവുശിക്ഷ. ആന്ധ്ര ഹൈക്കോടതിയാണ് ശിക്ഷ വിധിച്ചത്. കോടതി ഇവർക്ക് പിഴ ശിക്ഷ ചുമത്തുകയും ചെയ്തു. 2015 ൽ നെല്ലൂർ ജില്ലയിലെ തല്ലാപക ഗ്രാമത്തിലുള്ള സായി ബ്രഹ്മ എന്ന സ്ത്രീയിൽ നിന്ന് സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുത്തിരുന്നു. എന്നാൽ അതിന് നഷ്ടപരിഹാരം നൽകിയില്ല. മൂന്ന് മാസത്തിനുള്ളിൽ നഷ്ടപരിഹാരം നൽകണമെന്ന് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിരുന്നു. 2021 മാർച്ചായിട്ടും നഷ്ടപരിഹാരം നൽകാതിരുന്നതിനെ തുടർന്ന് ഉദ്യോഗസ്ഥർക്കെതിരെ ഇവർ കേസ് ഫയൽ ചെയ്തു.

# നാലാം ടെസ്റ്റിൽ ഇന്ത്യക്ക് 157 റൺസ് ജയം




ഓവൽ: ഇംഗ്ലണ്ടിനെതിരായ നാലാം ടെസ്റ്റിൻറെ അഞ്ചാംദിനം ഓവലിൽ അരങ്ങേറിയത്. ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനിറങ്ങി 191നു പുറത്താകുകയും ഒന്നാം ഇന്നിംഗ്സിൽ 99 റൺസ് ലീഡ് വഴങ്ങുകയും ചെയ്തശേഷം ഇന്ത്യ പെർഫെക്ട് ഓക്കെയിലൂടെ ഒരു വന്പൻ തിരിച്ചുവരവ് നടത്തി. 157 റൺസിൻറെ ആധികാരിക ജയത്തിലാണ് ആ തിരിച്ചുവരവ് ചെന്നെത്തിയത്. അതോടെ അഞ്ച് മത്സര പരന്പരയിൽ ഇന്ത്യ 21ൻറെ ലീഡ് നേടി. ഓവലിൽ മൂന്നാം ദിനമാരംഭിച്ച ആധിപത്യം അഞ്ചാംദിനവും തുടർന്നപ്പോൾ ഇംഗ്ലീഷ് പടയ്ക്കു മറുപടിയില്ലാതായി. സ്കോർ: ഇന്ത്യ 191, 466. ഇംഗ്ലണ്ട് 290, 210.

ഓവലിൽ ഇന്ത്യ കന്നി ജയത്തിലൂടെ പരന്പര നേടിയതിൻറെ 50ാം വാർഷികത്തിലാണ് അതേ മൈതാനത്ത് മറ്റൊരു ജയമെന്നതും ചരിത്രം. രണ്ടാം ഇന്നിംഗ്സിൽ സെഞ്ചുറി നേടിയ രോഹിത് ശർമയാണ് മാൻ ഓഫ് ദ മാച്ച്.

368 റൺസ് വിജയലക്ഷ്യവുമായി രണ്ടാം ഇന്നിംഗ്സിനിറങ്ങിയ ഇംഗ്ലണ്ട് വിക്കറ്റ് നഷ്ടപ്പെടാതെ 77 റൺസ് എന്നനിലയിലാണ് അഞ്ചാം ദിനം ബാറ്റിംഗ് പുനരാരംഭിച്ചത്. 31 റൺസുമായി റോറി ബേൺസും 43 റൺസുമായി ഹസീബ് ഹമീദുമായിരുന്നു ക്രീസിൽ. ഇവരുടെ ഓപ്പണിംഗ് കൂട്ടുകെട്ട് 100ൽ എത്തിയാണ് അവസാനിച്ചത്. 125 പന്തിൽ 50 റൺസ് എടുത്ത ബേൺസിനെ ഷാർദുൾ ഠാക്കൂർ മടക്കി. ഡേവിഡ് മലൻ (5) റണ്ണൗട്ടായപ്പോൾ ഇംഗ്ലീഷ് സ്കോർ 120. ഹസീബിൻറെ (63 റൺസ്) പോരാട്ടം ജഡേജയ്ക്കു മുന്നിൽ അവസാനിച്ചു. രവീന്ദ്ര ജഡേജയുടെ പന്ത് ഹസീബിൻറെ വിക്കറ്റ് പിഴുതു.

ആദ്യ ഇന്നിംഗസിലെ ഹീറോ ഒലി പോപ്പിനെയും (2) ജോണി ബെയർസ്റ്റോയെയും (0) ജസ്പ്രീത് ബുംറ മടക്കിയതോടെ ഇന്ത്യ പിടിമുറുക്കി. ബെയർസ്റ്റോയുടെ കുറ്റി ബുംറ തെറിപ്പിക്കുകയായിരുന്നു. മൊയീൻ അലിയുടെ (0) വിക്കറ്റും ജഡേജ സ്വന്തമാക്കിയതോടെ ഇംഗ്ലണ്ട് ആറിന് 147ലേക്കു കൂപ്പുകുത്തി. ഇംഗ്ലീഷ് പ്രതീക്ഷയായിരുന്ന ക്യാപ്റ്റൻ ജോ റൂട്ടും (36), ക്രിസ് വോക്സും (18) മടങ്ങിയതോടെ ഇംഗ്ലണ്ട് 84.1 ഓവറിൽ 193/8. അതോടെ ചായയ്ക്കു പിരിഞ്ഞു.

ചായയ്ക്കുശേഷം തിരിച്ചെത്തിയപ്പോൾ ആദ്യം വീണത് ക്രെയ്ഗ് ഓവർടണിൻറെ (10) വിക്കറ്റ്. ഓവർടണിനെ ഉമേഷ് യാദവ് ബൗൾഡാക്കുകയായിരുന്നു. ഉമേഷിനു മുന്നിൽ ജയിംസ് ആൻഡേഴ്സണും (2) കീഴടങ്ങിയതോടെ ഇന്ത്യ ജയത്തിൽ.

രണ്ടാം ഇന്നിംഗ്സിൽ രോഹിത് ശർമ (127), ചേതേശ്വർ പൂജാര (61), ഷാർദുൾ ഠാക്കൂർ (60), ഋഷഭ് പന്ത് (50), കെ.എൽ. രാഹുൽ (46), വിരാട് കോഹ്‌ലി (44) എന്നിവരുടെ ഇന്നിംഗ്സുകളാണ് ഇന്ത്യക്ക് മത്സരത്തിൻറെ നിയന്ത്രണം നൽകിയത്.

സ്കോർബോർഡ്

ഇന്ത്യ 191, 466. ഇംഗ്ലണ്ട് 290. രണ്ടാം ഇന്നിംഗ്സ്: ബേൺസ് സി പന്ത് ബി ഠാക്കൂർ 50, ഹമീദ് ബി ജഡേജ 63, മലൻ റണ്ണൗട്ട് 5, റൂട്ട് ബി ഠാക്കൂർ 36, പോപ്പ് ബി ബുംറ 2, ബെയർസ്റ്റൊ ബി ബുംറ 0, അലി സി സൂര്യകുമാർ യാദവ് (സബ്) ബി ജഡേജ 0, വോക്സ് സി രാഹുൽ ബി ഉമേഷ് 18, ഓവർടൺ ബി ഉമേഷ് 10, റോബിൻസൺ നോട്ടൗട്ട് 10, ആൻഡേഴ്സൺ സി പന്ത് ബി ഉമേഷ് 2, എക്സ്ട്രാസ് 14, ആകെ 92.2 ഓവറിൽ 210.

ബൗളിംഗ്: ഉമേഷ് 18.22 63, ബുംറ 229272, ജഡേജ 3011502, സിറാജ് 140440, ഷാർദുൾ 81222.

ചരിത്ര നേട്ടം സ്വന്തമാക്കി ഇന്ത്യൻ പേസ് ബൗളർ ജസ്പ്രീത് ബുംറ. ഇന്ത്യക്കുവേണ്ടി ടെസ്റ്റ് ക്രിക്കറ്റിൽ അതിവേഗം 100 വിക്കറ്റ് വീഴ്ത്തുന്ന പേസ് ബൗളർ എന്ന റിക്കാർഡ് ബുംറ സ്വന്തമാക്കി. 24 ടെസ്റ്റിൽനിന്നാണ് ബുംറ 100 വിക്കറ്റ് തികച്ചത്. കപിൽദേവിൻറെ പേരിലുള്ള (25 ടെസ്റ്റിൽനിന്ന് 100 വിക്കറ്റ്) റിക്കാർഡ് പഴങ്കഥയായി. ഇംഗ്ലണ്ട് താരം ഒലി പോപ്പാണ് ബുംറയുടെ നൂറാം ഇര. മികച്ച ശരാശരിയിൽ 100 വിക്കറ്റ് നേട്ടം കൈവരിക്കുന്ന ഇന്ത്യൻ ബൗളർ എന്ന നേട്ടവും ബുംറ സ്വന്തമാക്കി, 22.45 ആണ് ബുംറയുടെ ശരാശരി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.